# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025

## സമഗ്ര ആസൂത്രണ രേഖ

## ബി. ടി. എം.  എച്ച്. എസ്. എസ്

### തുറയൂർ

### പയ്യോളി അങ്ങാടി

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ബി.ടി.എം.എച്ച്.എസ്.എസ് തുറയൂർ |
| 2. | വിലാസം | : ബാഫകി തങ്ങൾ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, തുറയൂർ |
| 3. | ഫോൺ | : 0496 2470213 |
| 4. | സ്കൂൾ കോഡ് | : 16047 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : മേലടി |
| 6. | വിദ്യാഭ്യാസ ജില്ല | : കോഴിക്കോട് |
| 7. | റവന്യൂ ജില്ല | : വടകര |
| 8. | ബി.ആർ.സി | : മേലടി |
| 9. | ഗ്രാമപഞ്ചായത്ത് | : മേലടി |
| 10. | ജില്ലാ പഞ്ചായത്ത് | : കോഴിക്കോട് |
| 11. | നിയമസഭാ മണ്ഡലം | : പേരാമ്പ്ര |
| 12. | ലോക സഭാ മണ്ഡലം | : വടകര |
| 13. | താലൂക്ക് | : കൊയിലാണ്ടി |
| 14. | വില്ലേജ് | : തുറയൂർ |
| 15. | ഇ മെയിൽ | : vadakara16074@gmail.com |
| 16. | വെബ് സൈറ്റ് | : |
| 17. | സ്കൂൾ വിക്കി | : |

# ഉള്ളടക്കം

I. ആമുഖം
II. ലക്ഷ്യങ്ങൾ
III. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ
  i. അക്കാദമിക ആസൂത്രണം
  ii. പ്രാഥമിക ഘട്ടം
IV. ആസുത്രണത്തിന്റെ അടിസ്ഥാന തലങ്ങൾ
  i. മലയാളം
  ii. ഇംഗ്ലീഷ്
  iii. ഹിന്ദി
  iv. അറബിക്
  v. ഉറുദു
  vi. സാമൂഹിക ശാസ്ത്രം
  vii. ഗണിതം
  viii. ഭൗതിക ശാസ്ത്രം
  ix. രസതന്ത്രം
  x. ജീവ ശാസ്ത്രം
  xi. ഐ ടി
  xii. ആരോഗ്യ കായിക വിദ്യാഭ്യാസം
  xiii. കലാ സാംസ്കാരികം
V. വാർഷിക ആസൂത്രണം
VI. ക്ലബ് പ്രവർത്തനം
VII. ഭിന്ന ശേഷിക്ക് കൈത്താങ്ങ്
VIII. ഭൗതിക സാഹചര്യങ്ങൾ വികസിക്കുന്നു
  i. ക്ലാസ് മുറികൾ
  ii. സ്മാർട്ട് റൂം
  iii. കമ്പ്യൂട്ടർ ലാബ്
  iv. ലാംഗേജ് ലാബ്
  v. ചരിത്ര മ്യൂസിയം ലൈബ്രറി
  vi. അടുക്കള, ബാത്ത് റൂം, കുടിവെള്ള സൗകര്യം
  vii. വാഹന പാർക്കിംഗ് സൗകര്യം
  viii. ഓപ്പൺ എയർ സ്റ്റേജ് ഓഡിറ്റോറിയം
  ix. ചുറ്റുമതിൽ, ഗേറ്റ്, ഗ്രൗണ്ട്
IX. ബൊട്ടാണിക്കൽ ഗാർഡൻ
X. പഠനത്തോടൊപ്പം സമ്പാദ്യം
XI. വിദ്യാലയത്തിന്റെ സ്കെച്ച് പ്ലാൻ
XII. ഉപസംഹാരം

## ചുമതല

- ഹെഡ് മിസ്ട്രസ് : സുചിത്ര പി കെ
- മാനേജർ : അജ്മൽ ഹക്കീം വി പി

## എസ് ആർ ജി

- നിസാർ എം സി കൺവീനർ
- സഫീർ പറമ്പത്ത്
- രഞ്ജന കെ
- ജയ എം
- നൈജിഷ കെ
- മുഹമ്മദ് റഷീദ് വി വി
- നൗഷാദ് സി എ
- അപർണ്ണ മനോഹർ കെ
- നജുമുനിസ്സ കെ
- വിജിലേഷ് എ
- ഷോഭിദ് ആർ പി
- ശരത് കുമാർ ആർ
- സരൂപ കെ.പി
- അശ്വിൻ ബി അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണം

# ആമുഖം

കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയ്ക്ക് കീഴിലുള്ള മേലടി ഉപജില്ലയിലെ തുറയൂർ പഞ്ചായത്തിൽ കിഴക്കാനത്തും മുകൾ എന്ന പ്രകൃതി മനോഹരമായ പ്രദേശത്താണ് ഞങ്ങളുടെ വിദ്യാലയം. വടക്ക് ഭാഗം കുറ്റ്യാടി പുഴയും തെക്ക് ഭാഗം അകലാപുഴയും പടിഞ്ഞാറ് അറബിക്കടലിന്റെ കാഴ്ചയും കാറ്റും ആസ്വദിക്കാവുന്ന ജലസമൃദ്ധമായ പ്രദേശമാണ് ഇവിടം. സ്വാതന്ത്ര്യ സമര സേനാനിയും കർമ്മ യോഗിയുമായ ബാഫക്കി തങ്ങൾ എന്ന വലിയ മനുഷ്യന്റെ ഓർമ്മയ്ക്കായി 1976 ലാണ് ബാഫക്കി തങ്ങൾ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്ക്കൂൾ സ്ഥാപിച്ചത്. 7 വർഷം മുമ്പാണ് ഹയർ സെക്കണ്ടറി സ്കൂളായി വിദ്യാലയം ഉയർന്നത്. സ്ഥാപക മേനേജർ വെട്ടുവാട്ടിൽ ആമദ് ഹാജിയായിരുന്നു. അദ്ദേഹത്തിന്റെ വിശാലമായ കാഴ്ചപ്പാടും പ്രദേശവാസികളായ നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണവും കൊണ്ടാണ് ഇവിടെ ഈ വിദ്യാലയം ഉയർന്നു വന്നത്. ആമദ് ഹാജിയുടെ മരണ ശേഷം ഭാര്യ ആയിഷ മാനേജരായി. തുടർന്ന് മകൻ പക്കു സാഹിബും മാനേജരായി തുടർന്ന് മകൻ വെട്ടുവാട്ടിൽ സമദ് മാനേജരായി ഇപ്പോൾ അജ്മൽ ഹക്കീം വി വി മാനേജരായി തുടരുന്നു.

ഏറെ കർഷകരും, കർഷക തൊഴിലാളികളും മത്സ്യതൊഴിലാളികളും പ്രവാസികളും, വ്യവസായ പ്രമുഖരും ആണ് ഈ ഗ്രാമത്തിന്റെ സമ്പത്ത്. ഹൈസ്കൂളിൽ 13 ഡിവിഷനുകളിലായി 8,9,10 ക്ലാസുകളും ഹയർ സെക്കണ്ടറിയിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ക്ലാസുകളും നടക്കുന്നു. ഈ സബ് ജില്ലയിൽ പ്രൈമറി ക്ലാസുകൾ ഇല്ലാത്ത ഏക ഹൈ സ്കൂൾ ഇതാണ്. 472 വിദ്യാർത്ഥികളാണ് ഹൈസ്കൂളിൽ പഠിക്കുന്നത്. ഇതിൽ 196 പേർ പെൺകുട്ടികളാണ്. 11 വനിതകൾ ഉൾപ്പെട്ട 21 അദ്ധ്യാപകരാണ് ഈ വിദ്യാലയത്തിലുള്ളത്. ഹെഡ് മിസ്ട്രസ്, ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡറുമാർ, 1 എഫ് സി ചി സി എം, എന്നിവരാണ് നോൺ ടീച്ചിംഗ് വിഭാഗമായി പ്രവർത്തിക്കുന്നത്. 21 അംഗ പി ടി എ എക്സിക്യൂട്ടീവ് കമ്മറ്റി വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, എന്നീ ഭാഷകളെ കൂടാതെ അറബിക്, ഉറുദു എന്നീ ഉപഭാഷകളും കുട്ടികൾ പഠിക്കുന്നു. സംഗീതം, സ്പോർട്സ്, ഗെയിംസ് തുടങ്ങിയ വിഭാഗത്തിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ നിരവധി സമ്മാനങ്ങൾ ഈ വിദ്യാലയത്തിലെ കുട്ടികൾ നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷമായി 90% ത്തിൽ കൂടുതൽ റിസൾട്ട് എസ്.എസ്.എൽ സിക്ക് ഞങ്ങൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. പഠന മേഖലയുമായി പിന്നോക്ക പ്രദേശമായിരുന്നിട്ടുകൂടി അധ്യാപകരുടെയും പി.ടി.എയുടെയും ശക്തമായ ഇടപെടൽ കൊണ്ടാണ് 2024 വിജയം 100 ശതമാനത്തിൽ എത്തിക്കാൻ കഴിഞ്ഞത്. 2013 92% 2014ൽ 96% 2015 100% 2016 98% 2017 97% എന്നിങ്ങനെയാണ് വിജയ ശതമാന നിരക്ക് A+ (എ പ്ലസ്) എണ്ണവും കൂടി വരുന്നുണ്ട്. എന്നിരുന്നാലും അക്കാദമികതലം ഇനിയും ഏറെ വികസിച്ചു വരേണ്ടതുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എട്ടാം ക്ലാസിലും ഒമ്പതാം ക്ലാസിലും ഭാഷാപഠനത്തിലും ഗണിത പഠനത്തിനും പിന്നോക്കാവസ്ഥയുണ്ട്. ഇതുകൂടി പരിഗണിച്ചുകൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ ഞങ്ങൾ തയ്യാറാക്കുന്നത്. ഓരോ വിഷയത്തിനും പ്രത്യേക പരിഗണന നൽകി കൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആദ്യം ഭാഷാപരമായ അടിസ്ഥാന ശേഷികൾ നേടുന്നതിനാണ് പ്രാമുഖ്യം കൊടുക്കുന്നത് തുടർന്ന് ശാസ്ത്ര പഠനരീതിയിൽ മെച്ചപ്പെടുത്തലുകൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് അതിന് ഐ.ടി.സിയും ലബോറട്ടറിയും

മൂല്യനിർണയ രീതികളും ബോധന പ്രക്രിയകളും അടിമുടി മാറേണ്ടതുണ്ട്. പഠന നേട്ടങ്ങൾ പരമാവധി ആർജ്ജിക്കുന്നതിനും ഓർമ്മയിൽ സൂക്ഷിക്കുന്നതിനും ലളിതമായ സങ്കേതങ്ങൾ ഞങ്ങൾ തേടുന്നുണ്ട്. തുടർച്ചയായുള്ള മൂല്യനിർണയ മാർഗ്ഗങ്ങൾ നടപ്പിലാക്കിയും പരിഹരണം മാർഗ്ഗങ്ങൾ അവലംബിച്ചു മാത്രമേ ഇത് പൂർണ്ണതയിൽ എത്തിക്കാൻ കഴിയൂ എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. പഠിതാവിന്റെ പൂർണ്ണ പിന്തുണ അച്ചടക്കം എന്നിവ ഏറ്റവും അധികം ആവശ്യമായതിനാൽ രക്ഷിതാക്കളുടെ ഫലപ്രദമായ ഇടപെടലും ഞങ്ങൾ തേടുന്നുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നു വരുന്ന കുട്ടികളെ അറിഞ്ഞുകൊണ്ടു മാത്രമേ ഈ പ്രക്രിയ വിജയിപ്പിക്കുവാൻ കഴിയൂ എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഇതിന് ക്ലാസ് തലത്തിൽ കർശനമായ നിരീക്ഷണം ആവശ്യമാണ്. ഗണിത പഠനം കൂടുതൽ സമയം ആവശ്യമായ മേഖലയാണ് ഇവിടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള മാർഗങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഞങ്ങൾ ആവിഷ്കരിക്കുന്നു. കലാകായിക പ്രവർത്തി പരിചയ മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഠന ക്രമം ചിട്ടപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. മാറിയ സാഹചര്യത്തിൽ ഐ.സി.ടി ഉപയോഗിച്ചുകൊണ്ട് മാത്രമേ പഠനപ്രക്രിയ പൂർണമാവുകയുള്ളൂ. അതിനുവേണ്ടി ടീച്ചർ ടെക്സ്റ്റിൽ സൂചിപ്പിച്ച അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഞങ്ങളുടെ വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മുഴുവൻ പിന്തുണയും സഹായവും ചെയ്തു തന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേലടി എ.ഇ.ഒ യു.വിജയൻ ബി.പി.ഒ പ്രദീപ് കണിയാരിക്കൽ, ബി.ആർ.സിയിലെ വികാസ്, രാഹുൽ എന്നീ അധ്യാപകരെയും ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. വിദ്യാഭ്യാസ നിലവാരം അന്തർദേശീയ തലത്തിലേക്ക് ഉയർത്തിക്കൊണ്ടു വരുവാനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ആത്മാർത്ഥമായ പ്രവർത്തനത്തിൽ ഞങ്ങളും പങ്കുചേരുന്നു.

# STAFF DETAILSS

| ROLL NO: | NAME | DESIGNATION | PHONE NUMBER |
|---|---|---|---|
| 1 | SUJITHRA P K | HEADMISTRESS | 8157824110 |
| 2 | JAYA M | HST HINDI | 9447067804 |
| 3 | APARNA MANOHAR | HST ENGLISH | 9946382544 |
| 4 | NOUSHAD CA | HST SOCIAL SCIENCE | 9497364085 |
| 5 | RANJANA K | HST MATHEMATICS | 8574034716 |
| 6 | VIJILESH A | HST PHYSICAL SCIENCE | 9745429793 |
| 7 | NISAR M C | HST HINDI | 9539049322 |
| 8 | SHOBITH R P | HST PHYSICAL SCIENCE | 9496962288 |
| 9 | SAROOPA KP | HST NATURAL SCIENCE | 8547712522 |
| 10 | JASLA C K | HST ENGLISH | 9946458015 |
| 11 | NAJUMMUNISA K | HST MALAYALAM | 7907449547 |
| 12 | MUHAMMED RASHEED V V | PHYSICAL RDUCATION TEACHER | 9447067866 |
| 13 | SAJNA K | HST PHYSICAL SCIENCE | 8943982277 |
| 14 | MAGESH M | HST SOCIAL SCIENCE | 9846389713 |
| 15 | SARATH KUMAR | HST MUSIC | 9995171090 |
| 16 | FOUSIYA V P | HST MATHEMATICS | 9048300434 |
| 17 | ASWIN B | HST NATURAL SCIENCE | 9496470911 |
| 18 | NAIJISHA P | HST URDU | 9400164958 |
| 19 | SAFEER PARAMBATH | HST ARABIC | 9539669436 |
| 20 | MINI C M | HST SASKRIT | 9846426384 |
| 21 | DIVYASREE S | HST MATHEMATICS | 9846328010 |

| ROLL NO: | NAME | DESIGNATION | PHONE NUMBER |
|---|---|---|---|
| 1 | FASALU RAHIMAN | CLERK | 9446644658 |
| 2 | AROOF ALI P P | OFFICE ASSISTANT | 9626388244 |
| 3 | SANDEEP S C | OFFICE ASSISTANT | 9745834962 |

## CLUB & OTHER CHARGES

| | | |
|---|---|---|
| 1. STAFF SECRETARY | : | NOUSHAD C A |
| 2. SRG CONVENER | : | NISAR M C |
| 3. NOON MEAL | : | RANJANA K,MAGESH M |
| 4. BOOK SOCIETY SECRETARY | : | SAJNA K |
| 5. UNIFORM | : | SHOBIDR P |
| 6. SITC | : | VIJILESG,SAROOPA |
| 7. SCHOLARSHIP | : | VIJILESH |
| 8. NMMS | : | DIVYASREE |
| 9. SCIENCE | : | ASWIN B |
| 10.SOCIAL SCIENCE | : | NOUSHAD C A |
| 11.HINDI | : | JAYA M |
| 12.ENGLISH | : | JASLA C K |
| 13.MATHS | : | FOUSIYA V P |
| 14.IT | : | VIJILESH V |
| 15.WORK EXPERIENCE | : | NAIJISHA P |
| 16.VIDYARANGAM | : | NAJUMMUNISA P |
| 17.LIBRARY | : | MINI C M |
| 18.NATURE CLUB | : | SAROOPA K P |
| 19.ARTS FEST | : | SARTH KUMAR R, SAFEER PARAMBATH |
| 20.SPORTS FEST | : | MUHAMMED RASHEEDNISAR M C |
| 21.EDUCARE CONVIENER | : | SHOBID R P |
| 22.BUS COVIENER | : | SAFEER PARAMBATH, ASWIN B |
| 23.ELECTION | : | SAFEER PARAMBATH |
| 24.ANTI DRUG CANPAIGN | : | MAGESH M |
| 25.TEENS CLUB | : | NAIJISHA P |
| 26.LEAP | : | VIJILESH |
| 27.DECIPLINE | : | MUHAMMED RASHEED V&CLSS TEACHERS |
| 28.TOUR CONVIENERS | : | NISAR M C, ASWIN B |
| 29.SCHOLARS ACADAMY | : | NOUSHAD C A, ASWIN B |
| 30.A PLUS GROUP | : | ASWIN B, SAFEER PARAMBATH |

# പൊതുവായ ലക്ഷ്യം

പഠിതാക്കളെ മൊത്തമായി കണ്ടു കൊണ്ടു ഓരോ ക്ലാസിൽ നിന്നും ആർജ്ജിക്കേണ്ട പഠന നേട്ട ങ്ങൾ അതാത് ക്ലാസിൽ നിന്നും തന്നെ നേടിയെടുത്ത് കൈവരിക്കുന്ന ശേഷികൾ ഉറപ്പാക്കുക എന്നതാ ണ് പ്രധാന ലക്ഷ്യം.

കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും അക്കാദമിക മികവ് വളർത്തികൊണ്ട് വരികയും ചെയ്യേണ്ടതുണ്ട്.

എല്ലാവർക്കും മലയാളം, ഇംഗ്ലീഷ്, ഹന്ദി എന്നീ ഭാഷാ വിഷയങ്ങളിൽ മികച്ച ധാരണ, സംഭാഷണ ചാരുത ആശയ വിനിമയശേഷി എന്നിവ ഉറപ്പു വരുത്തേണ്ടതുണ്ട്.

ഗണിത പഠനം ഫലപ്രദവും രസകരവും മികവുറ്റതുമാക്കി പ്രശ്ന നിർധാരണ, വിശകലനം പ രിഹരണ ശേഷികൾ വളർത്തി കൊണ്ടുവരേണ്ടതുണ്ട്.

സമൂഹത്തിലെ തെറ്റായ പ്രവണതകളെയും അന്ധ വിശ്വാസങ്ങളെയും ചോദ്യം ചെയ്യുവാനും മി കച്ച സാമൂഹ്യ ബോധമുള്ള ഉത്തമ പൗരൻമാരാക്കി വിദ്യാർത്ഥികളെ മാറ്റിയെടുക്കുകയും ചെയ്യുക എന്ന താണ് ആത്യന്തികമായ ലക്ഷ്യം.

ലക്ഷ്യങ്ങൾ എങ്ങനെ പ്രാവർത്തികമാക്കും എന്നതാണ് പ്രധാനപ്രശ്നം സമഗ്രമായ വളർയ്ക്ക് വിധേയമാക്കേണ്ട മേഖലയാണ് ഇത്. വിദ്യാഭ്യാസത്തിന് നാളിതുവരെയില്ലാത്ത തോതിൽ വളരെ വലിയ തു ക ഏഴായിരം കോടിയോളം രൂപ ബഡ്ജറ്റിൽ നീക്കി വെച്ചുകൊണ്ട് ഗവൺമെന്റ് വലിയ പ്രാധാന്യമാണ് ഇ പ്പോൾ നൽകിയിരിക്കുന്നത്. അധ്യാപകരുടെ നിശ്ചയദാർഢ്യവും ആത്മാർത്ഥമായ സന്നദ്ധതയും അർ പ്പണബോധവും ഏറെ ആവശ്യമായ പ്രക്രിയയാണ് ഇതെന്ന് ഞങ്ങൾക്ക് ഉത്തമ ബോധ്യമുണ്ട്. അതുകൊ ണ്ടു തന്നെ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയാണ് ഈ കരട് റിപ്പോർട്ട് ഞങ്ങൾ തയ്യാറാക്കുന്നത്. ഇ വിടെ കരിക്കുലം വിഭാവനം ചെയ്യുന്ന തരത്തിൽ സമഗ്രമായ അക്കാദമിക ആസൂത്രണവും ഭൗതിക സൗ കര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും സർഗ്ഗശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമാ യ പാഠ്യേതരപ്രവർത്തനങ്ങളും, പഠനത്തോടൊപ്പം സമ്പാദ്യവും എന്ന ലളിതമായ ചിന്തയും പ്രവർത്തന ങ്ങളും സമഗ്രമായി ആസൂത്രണം ചെയ്യുന്നുണ്ട്.

# പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ

## I. അക്കാദമിക ആസൂത്രണം

ജൂൺ മാസത്തിൽ അദ്ധ്യായന വർഷം ആരംഭിക്കുന്നതിനു മുമ്പു തന്നെ എല്ലാ വിഷയങ്ങളുടെയും വാർഷികാസൂത്രണ രേഖ വിദ്യാലയത്തിൽ പ്രദർശിപ്പിക്കും. മെയ് മാസാവസാനം ഇതിനായി പ്രത്യേക ശിൽപശാല നടത്തുന്നതാണ്.

ജൂൺ, ജൂലൈ മാസങ്ങളിൽ വിനിമയം ചെയ്യേണ്ട പഠന നേട്ടങ്ങളുടെയും, മുന്നറിവ് ധാരണകളുടെയും പാഠ്യേതര പ്രവർത്തനങ്ങളുടെയും ഒരു മാർഗ്ഗരേഖ ഇതോടൊപ്പം തയ്യാറാക്കുകയും (ടീച്ചിംഗ് മാന്വൽ കരട്) അതിനനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യും.

വെക്കേഷൻ സമയത്ത് സ്കൂളിലെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ സ്കൂൾ മാനേജ്മെന്റിനൊപ്പം ചേർന്നു കൊണ്ട് അധ്യാപകരും, രക്ഷിതാക്കളും, വിദ്യാർത്ഥി പ്രതിനിധികളും പങ്കാളികളായിക്കൊണ്ട് പ്രവർത്തനസജ്ജമാകും.

വിദ്യാലയ വികസനത്തിനായി രക്ഷിതാക്കളുടെയും, സന്നദ്ധ പ്രവർത്തകരുടെയും, മറ്റ് തൽപ്പരകക്ഷികളുടെയും, മാനേജ്മെന്റിന്റെയും, അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, വിദ്യാഭ്യാസ വകുപ്പിന്റെയും കൂട്ടായ പ്രവർത്തന പദ്ധതികളാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്.

## II. <u>പ്രാഥമിക ഘട്ടം</u>

ഭാഷാപരമായും ഗണിതപരമായുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള പ്രത്യേക പരിപാടികൾ.

### a. ഭാഷ
**മലയാളം**

ജൂൺ മാസാരംഭത്തിൽ തന്നെ പ്രത്യേകം തയ്യാറാക്കുന്ന ചോദ്യപ്പേപ്പറുകൾ ഉപയോഗിച്ച് അക്ഷരം വാക്കുകൾ, വാക്യങ്ങൾ, ആശയഗ്രഹണശേഷി, രചനാശേഷി, താരതമ്യപഠന ശേഷി, ഭാവനാ ശേഷി, വിലയിരുത്തൽ ശേഷി, ഭാഷാപരമായ മറ്റ് മുന്നറിവുകൾ ഇവയെല്ലാം പ്രത്യേകമായി പരിഗണിച്ചു കൊണ്ട് അളക്കുകയും അതോടൊപ്പം കാഴ്ച കേൾവി ശക്തി മറ്റ് ആരോഗ്യപ്രശ്നങ്ങൾ എല്ലാം അറിയുന്നതിനായുള്ള വൈവ, രക്ഷിതാവുമായുള്ള അടുത്ത സമ്പർക്കം മലയാള അധ്യാപിക ക്ലാസ് ടീച്ചറോടൊപ്പം ചേർന്ന് മനസ്സിലാക്കുകയും പ്രവർത്തനങ്ങൾ അധ്യായന വർഷത്തിന്റെ ആദ്യപാദം വരെ തുടരുകയും ചെയ്യും.

പ്രീ ടെസ്റ്റിന്റെ ഭാഗമായി നടത്തുന്ന തുടർപ്രവർത്തനങ്ങളിൽ കുട്ടികളെ മികച്ചത്, ശരാശരി, ശരാശരിയിലും താഴ്ന്നത് എന്നീ മൂന്ന് മേഖലകളാക്കി മാറ്റുകയും രക്ഷിതാക്കളെ സ്കൂളിൽ വരുത്തി മികവുകളും പോരായ്മകളും ബോധ്യപ്പെടുത്തുകയും ചെയ്യും. പ്രത്യേക ശ്രദ്ധയും സഹപഠിതാക്കളുടെ സഹായവും ഉറപ്പാക്കുന്നതിനു വേണ്ടി ക്ലാസിലെ ഇരിപ്പിടം ശരാശരിയിൽ താഴ്ന്നവർക്ക് മധ്യഭാഗത്തും മികച്ചവർക്കും ശരാശരിക്കാർക്കും പിൻഭാഗത്തും മുൻഭാഗത്തുമായി റൊട്ടേഷൻ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ചെയ്യാം എന്ന ഒരു നിർദ്ദേശമുണ്ട്. പിന്നോക്കക്കാർക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി ഒഴിവു സമയങ്ങളിലും പ്രത്യേക സമയങ്ങളിലും ക്ലാസുകൾ നടക്കും ഹോം വർക്കുകൾ കൃത്യമായി പരിശോധിക്കുകയും തുടർമൂല്യ നിർണ്ണയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യും.

**ഇംഗ്ലീഷ്**

പ്രീ ടെസ്റ്റിൽ പിന്നോക്കക്കാരെ കണ്ടെത്തിക്കഴിഞ്ഞാൽ മുകളിൽ സൂചിപ്പിച്ച പ്രകാരം പ്രത്യേകം ക്ലാസുകൾ പ്ലാൻ ചെയ്ത് നടത്തും ഒഡിയോ വിഷ്വൽ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഭാഷാധ്യാപിക തയ്യാറാക്കുന്ന സ്പെഷ്യൽ ക്ലാസുകൾ നടത്തും. ആഗസ്ത് മാസം അവസാനമാകുമ്പോഴേക്കും മുഴുവൻ കുട്ടികളെയും എഴുത്തിനും വായനക്കും മികച്ചശേഷിയുള്ളവരാക്കി മാറ്റുക എന്നത് ഒരു വെല്ലുവിളിയായി സ്വീകരിച്ച് നടപ്പിൽ വരുത്തും.

**ഹിന്ദി**

ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തിക്കഴിഞ്ഞാൽ ക്ലാസ് ടീച്ചറുടെ ശ്രദ്ധയിൽപെടുത്തിയശേഷം ഭാഷ ഉറയ്ക്കുന്നതുവരെ തുടർച്ചയായി പരിശീലനം നൽകും. വേഗം വായിക്കുവാനും വാക്കുകളുടെ അർത്ഥം മനസ്സിലാക്കി ആശയം ഗ്രഹിക്കുവാനുള്ള ശേഷി ഉറപ്പാക്കും. ആഗസ്ത് അവസാനം വരെ പ്രവർത്തനം തുടരുന്നതാണ്.

**അറബിക്**

അക്ഷരജ്ഞാനം ലഭിക്കുന്നതുവരെ പിന്നോക്കക്കാർക്ക് വിദഗ്ദ പരിശീലനം നൽകും. വാക്കുകളും വാക്യങ്ങളും എഴുതുവാനും പുതിയവ ഉണ്ടാക്കുവാനും പ്രാപ്തമാകും വരെ പ്രവർത്തനം തുടരും. ഹോം വർക്കുകൾ കൃത്യമായി പരിശോധിച്ചുകൊണ്ട് വിഷയം മറ്റ് ഭാഷകളുടെ അതേപ്രാധാന്യത്തോടെ പരിഗണിച്ച് പോരായ്മകൾ തീർക്കും.

**ഉറുദു**

ഭാഷാ ശേഷി അളന്നു കഴിഞ്ഞാൽ പിന്നോക്കക്കാർക്ക് സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കും. മൾട്ടിമീഡിയാറും ഒഴിവു വരുമ്പോൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് അക്ഷരങ്ങളും വാക്കുകളും അർത്ഥവും ഗ്രഹിക്കുന്നതുവരെ പ്രവർത്തനം തുടരും ആഗസ്ത് 2 ാം വാരമാവുമ്പോഴേക്കും പരമാവധി മുഖ്യധാരയിലേക്ക് അവരെ മാറ്റുന്നതിന് ശ്രമിക്കും.

b. **ഗണിതം:**

ഗണിതത്തിന് പ്രത്യേക പ്രീ ടെസ്റ്റ് നടത്തിയും ഹരണക്രിയയും സങ്കലനവും വ്യവകലനവും വേഗത്തിൽ ചെയ്യാനും ഉള്ള ശേഷി അളന്ന് ആവശ്യമായ മൊഡ്യൂൾ ടീച്ചിംഗ് വഴി ഗണിതം രസകരവും എളുപ്പവുമാക്കി തീർക്കാനുള്ള മാർഗ്ഗം പരിശോധിക്കുന്നുണ്ട്. ഗണിത ക്ലബിൽ അംഗങ്ങളാക്കി മാറ്റി സഹപാഠികളെ കൊണ്ടു തന്നെ പോരായ്മ പരിഹരിക്കാൻ ശ്രമം നടത്തുന്നുണ്ട്. പൂർണ്ണമായ ശ്രദ്ധയും കഠിനമായ പരിശ്രമവും ആവശ്യമായ പ്രക്രിയയാണ് ഇത്. ജൂൺ, ജൂലൈ ആഗസ്ത് മാസങ്ങൾ നിർബന്ധമായും മുഴുൻ സമയവും പ്രയോജനപ്പെടുത്തിക്കൊണ്ട് ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്.

# ആസൂത്രണം വിഷയാടിസ്ഥാനത്തിൽ

## i. മലയാളം

ഒരു ഭാഷ എന്നതിലുപരി നമുക്ക് മലയാളം മാതൃഭാഷയാണ്. നമ്മുടെ ചിന്തയും പ്രവൃത്തിയും സംസ്കാരവും വികസിച്ചുവന്നത് നമുക്കേറ്റവും പ്രിയപ്പെട്ട നമ്മുടെ മാതൃ ഭാഷയിലൂടെയാണ്. അതുകൊണ്ടുതന്നെ കഥകളും കവിതകളും നോവലുകളും നാടകങ്ങളും വായിച്ച് സ്വാംശീകരിച്ച് ഭാഷയുടെ ആത്മാവിനെ തൊട്ടറിയാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ പര്യാപ്തമാവണം. ഭാഷാപഠനം.

മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടാവുന്ന പ്രധാന പ്രശ്നം ആശയഗ്രഹണന ശേഷിയുടെ പോരായ്മയാണ്. ചെറുപ്പം മുതലേ വായനാശീലം വളർന്നു വരാതിരുന്നതാണ് ഇതിന് പ്രധാന കാരണം. ചിത്രങ്ങൾ നൽകി കഥയെഴുതിപ്പിക്കൽ, ഭാഗികമായി കഥ നൽകി അത് പൂർത്തിയാക്കൽ വിവിധ തരം കളികളിലൂടെ സംഭാഷണ ശേഷി വികസിപ്പിക്കൽ, ക്ലാസ് തലത്തിൽ വായനാക്കൂട്ടം രൂപീകരിക്കൽ, വിദ്യാരംഗം കലാ സാഹിത്യവേദിയിൽ പങ്കെടുപ്പിക്കൽ തുടങ്ങി പല മാർഗങ്ങൾ മുമ്പിലുണ്ട്.

**പ്രധാന ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളെയും എഴുത്തും വായനയും ആസ്വാദനവും അറിയുന്നവരാക്കി മാറ്റുക
- ക്ലാസ് ലൈബ്രറി
- ക്ലാസ് സഭ
- ഗ്രന്ഥശാല അംഗത്വം
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായനയെ ആസ്വാദനത്തിന്റെ തലത്തിലേക്ക് ഉയർത്തുക
- ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി വായനയുടെയും എഴുത്തിന്റെയും വിവിധ തലങ്ങളെ പരിചയപ്പെടൽ
- ആശയഗ്രഹണം എളുപ്പം സാധ്യമാക്കി ശരിയായ ചിന്തയിലൂടെ പ്രശ്ന പരിഹരണ ശേഷി എന്നതാണ് ഭാഷയുടെ പ്രയോഗ സാധ്യത.

അടിസ്ഥാന ധാരണ പരിശോധിച്ചു കഴിഞ്ഞാൽ പരിഹാര മാർഗ്ഗങ്ങൾ ഒരു വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോകണം. ഏത് വിഭവങ്ങളും എടുത്ത് പ്രയോഗിക്കുവാൻ കഴിയണം. വിയർ ഗ്രൂപ്പ് പഠന സാധ്യതയും ഞങ്ങൾ പരിശോധിക്കുന്നുണ്ട്. ലാപ് ടോപ്പ് ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. രക്ഷിതാവിനെ കുട്ടിയുടെ അവസ്ഥ വ്യക്തമായി ബോധ്യപ്പെടുത്തണം. കൂട്ടായ പരിശ്രമമാണ് തേടേണ്ടത്. വീട്ടിലുള്ള പഠിച്ച അടുത്ത ബന്ധുവിനെ ഗൈഡൻസിന് ഉപയോഗപ്പെടുത്തണം. ഇതുവരെയുള്ള അനുഭവത്തിൽ നിന്നും ഭാഷയിലും ഗണിതത്തിലും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് വിദ്യാലയത്തിലുണ്ടാകുന്ന പല പ്രശ്നങ്ങൾക്കും കാരണക്കാരായി മാറുന്നത് എന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്.

ഒരോ വിഷയത്തിനും കരിക്കുലത്തിൽ അതിന്റേതായ പ്രാധാന്യമുണ്ട്. കുട്ടിയുടെ സമഗ്രമായ വികാസമാണ് ഇത് ലക്ഷ്യമാക്കുന്നത്. അതു കൊണ്ടുതന്നെ ഓരോ പാഠഭാഗവും കൈകാര്യം ചെയ്യുമ്പോൾ കരിക്കുലം വിഭാവനം ചെയ്യുന്ന തലത്തിലേക്ക് പഠിതാവിനെ നയിക്കേണ്ടത് നമ്മുടെ ബാധ്യതയാവുന്നു. വിഷയാടിസ്ഥനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കുട്ടിയുടെ മുന്നറിവ് അടിസ്ഥനമാക്കികൊണ്ട് പാഠഭാഗത്തെ വികസിപ്പിക്കണം. അതുകൊണ്ടുതന്നെ പഠന നേട്ടങ്ങളുടെ സ്പൈറലിംഗ് പരിശോധിക്കേണ്ടത് അനിവാര്യമായി മാറുന്നു. 8,9,10 ക്ലാസുകളിൽ പൊതുവായി സ്വീകരിക്കുന്ന സമഗ്ര പഠനമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

- കുട്ടികളെ മികച്ച വായനക്കാരാക്കുക
- ക്ലാസ് തല വായനാക്കൂട്ടം രൂപീകരിക്കുന്നു
- വായനാമൂല ക്ലാസ് ലൈബ്രറി രൂപീകരണം
- ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം
- പത്ര വായന
- പുസ്തക ചർച്ച
- വായനാനുഭവം പങ്കുവെക്കുക
- വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം വിപുലമാക്കുക
- ദിനാചരണങ്ങൾ
- ആനുകാലിക പ്രസിദ്ധീകരണം വായന
- കുട്ടികളെ മികച്ച എഴുത്തുകാരാക്കുക
- ക്ലാസ് ലൈബ്രറി രൂപീകരണം
- വായനാ കുറിപ്പ് ചേർത്ത് പതിപ്പ് തയ്യാറാക്കുക
- ചുമർ പത്രികാ പതിപ്പ് തയ്യാറാക്കൽ
- സർഗ്ഗസൃഷ്ടികൾ ചേർത്ത് പുസ്തകം തയ്യാറാക്കൽ
- പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്താൻ സർഗ്ഗവേള, അസംബ്ലി എന്നിവ സംഘടിപ്പിക്കുക
- വ്യക്തിഗത രചന, സർഗ്ഗശേഷി വർദ്ധിപ്പിക്കുവാനായി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തുന്നു.
- ഭിന്നശേഷിക്കാർക്ക് സ്പെഷ്യൽ ടീച്ചേഴ്സിനെ ഉപയോഗപ്പെടുത്തി പ്രത്യേക പ്രവർത്തനങ്ങൾ നടത്തുന്നു.
- സാംസ്കാരകാവബോധവും സാഹിത്യ ബോധവും ഉളവാക്കുക
- നാടിന്റെ സംസ്കൃതിയെ അറിയുന്നതിനായുള്ള വായനയും ചരിത്രാവബോധവും
- പ്രമുഖ സാഹിത്യകൃതികളും വിമർശന ഗ്രന്ഥങ്ങളും വായനക്കെടുത്ത് ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുക.

# ENGLISH

In Kerala English has its strong grip in the entire social fabrics that is education, politics, commerce, and religion. The demand of the public for English compelled the authorities to introduce English from class Ist onwards in schools of Kerala. Inspite of all these proficiency in English remains a distant dream to most learners. But there have been some positive changes in the profile of English class rooms in Kerala.

## Academic issue in English

### Learning Process

a. Lack of confidence
b. Lack of exposure to English Literature providing reading skills and club activities
c. Learners haven't acquired the required curricular a objectives.
d. Club activities doesn't cater the need to promote international standared of English

| **Lack of confidence** | | | |
|---|---|---|---|
| reasons | Remedial measure | Activity | time |
| learner<br>1. Accustomed to looed up class room situations<br>2. Not confidence in using English in real llife situations | Frame activities that ensure exposure to international standards and esthetic sense. Frame various real life situation to promote communication skill in addition to class room experience. | 1. Conduct festivals under the guidance of English club<br>2. Interact units with famous personalities<br>3. Conduct English assembly once in a month<br>4. English post office<br>5. School radio<br>6. Film shows | August - November |

b) Lack of exposure to English literature providing reading skills & Club activities doesn't promote different aspects of Language

| Reason | Remedial measures | Activities | Time |
|---|---|---|---|
| 1. Consider reading only as a part, of class room transaction. | promote and execute programmes that helps reading skills and exposure to English literature | 1. Conduct an exhibitation of literary works as English of different periods | |
| 2. Lack of Awareness in English literature Classic teacher.<br>1. Compelled to finish the immediate task<br>2. Lack of resource in promoting extended reading system Promotes and moniter only class room transact Parent<br>Not aware of various programmes in promoting reading skills | | | |

**ഇഗ്ലീഷിൽ കത്തെഴുത്ത്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ പഠനം കുട്ടികളിലൂടെയാക്കാനുള്ള ഒരു ഉദ്ദേശമാണ് ഇത് | കുട്ടികൾ സ്വയം കത്തെഴുത്ത് നിർമ്മിക്കാൻ വേണ്ട പ്രേരണ നൽകുക | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | ഒരു കാര്യത്തെ പറ്റി ടീച്ചർ ചെയ്യുകയും അത് കത്ത് രൂപത്തിലാക്കി കുട്ടികൾ മാറ്റുകയും ചെയ്യുക | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ |
| കുട്ടികളിലെ ആശയ വിനിമയം ഇംഗ്ലീഷ് ഭഷയിലൂടെ മറ്റുള്ളവർക്ക് എത്തിക്കുക | നമ്മുടെ സ്കൂളിലെ വിശേഷങ്ങൾ ഇംഗ്ലീഷ് കത്തിലൂടെ മറ്റുള്ള സ്കൂളിലെ കുട്ടികളുമായി പങ്കുവെയ്ക്കുക. | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ |

## ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ട രീതിയിൽ ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുക. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ |
| ഇംഗ്ലീഷ് പത്രവായന വളർത്താൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കി കൊടുക്കൽ | ക്ലാസ് റൂമിൽ ഒരു ഇംഗ്ലീഷ് ന്യൂസ് പേപ്പർ ദിവസവും കൊണ്ടുവരാൻ പ്രോത്സാഹിപ്പിക്കുകയും, ക്ലാസിൽ ഓരോ കുട്ടിയെകൊണ്ടും ന്യൂസ് വായിപ്പിക്കുകയും ചെയ്യുക | ദിവസവും | ഇംഗ്ലീഷ് ടീച്ചർ |
| ഇംഗ്ലീഷ് മാഗസിനുകളും പുസ്തകങ്ങളും നോവലുകളും വായിക്കാൻ കുട്ടികളിൽ ഒരു പ്രചോദനം ഉണ്ടാക്കി എടുക്കൽ | കുട്ടികളോട് ഓരോ പുസ്തകങ്ങൾ വായിച്ച് അതിന്റെ ഒരു ചെറിയ വിവരണം ക്ലാസിൽ കൊടുക്കാൻ പ്രേരിപ്പിക്കുക. | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ |

## ഇംഗ്ലീഷ് ഗ്രാമർ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികൾക്കിടയിൽ വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | വൈകുന്നേരങ്ങളിൽ കുട്ടികൾക്ക് വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | വർഷത്തിൽ 15 ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ |
| തെറ്റില്ലാത്ത രീതിയിൽ ഇംഗ്ലീഷ് സംസാരിക്കാൻ വ്യാകരണം നിർബന്ധമായതിനാൽ അതിന്റെ ചെറിയ തെറ്റുകൾ പോലും തിരുത്താൻ കുട്ടികളെ സഹായിക്കൽ | തെറ്റില്ലാത്ത രീതിയിൽ കുട്ടികൾക്ക് വേണ്ട വ്യാകരണ ക്ലാസുകളെപ്പറ്റി അവഗാഹം നേടാൻ വേണ്ട പ്രോത്സാഹനം കൊടുക്കുക. | വർഷത്തിൽ 10 ക്ലാസുകൾ. | ഇംഗ്ലീഷ് ടീച്ചർ |
| വ്യാകരണം വ്യക്തമായിട്ടറിയാവുന്ന ഒരു കുട്ടിക്ക് ഏത് പുസ്തകത്തിലുമുള്ള എഡിറ്റിംഗ് ഭാഗങ്ങൾ വ്യക്തമായി എഴുതാനുള്ള ശേഷി നേടൽ | പുസ്തകത്തിലുള്ള എഡിറ്റിംഗും, അതിന്റെ കൂടെ ഒരുപാട് പ്രത്യേക ഗ്രാമർ ഭാഗങ്ങളും കുട്ടികളെകൊണ്ട് ക്ലാസിൽ എഴുതാൻ കൊടുക്കുക | ക്ലാസ് പിരീയഡ് | ഇംഗ്ലീഷ് ടീച്ചർ |

## ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൈ എഴുത്ത് നന്നാക്കാനുള്ള ഒരു അവസരം ഉണ്ടാക്കൽ | വിദ്യാലയത്തിൽ ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളെപ്പറ്റി അടുത്ത ദിവസം വരുമ്പോൾ ഡയറിയിൽ തെറ്റില്ലാതെ എഴുതി വരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക<br>ഒഴിവു ദിവസങ്ങളിൽ വീട്ടിൽ നിന്നും കുട്ടി പോവുന്ന സ്ഥലത്തെക്കുറിച്ചും, പ്രത്യേക പരിപാടിയെകുറിച്ചും ഡയറിയിൽ വ്യക്തമായി എഴുതുക<br>സ്കൂളിൽ നടക്കുന്ന പ്രത്യേക പരിപാടികളെക്കുറിച്ച് കുട്ടി വ്യക്തമായി അടുത്ത ദിവസം ഡയറിയിൽ എഴുതുക | എല്ലാ പ്രവർത്തി ദിവസങ്ങളിലും<br>ആഴ്ചയിൽ 2 ദിവസം<br>മാസത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ |

## ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് വേണ്ട രീതിയിൽ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ഏറ്റവും ഉചിതമായ രീതിയിൽ അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുക.<br>ഇംഗ്ലീഷ് എഴുതുവാനും വായിക്കാനും പറയാനും വ്യാകരണ ശുദ്ധിയോടെ ചെയ്യാൻ കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തുക | ഇംഗ്ലീഷ് അദ്ധ്യാപകർ കുട്ടികൾക്ക് വേണ്ട സന്ദേശം നൽകുക. രണ്ടാഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് സ്വന്തം ഉത്തരവാദിത്വത്തോടെ നടന്നു മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിനും പ്രത്യേകം ചുമതല നൽകുക ലളിതമായ മലയാള സാഹിത്യ കൃതികൾ അതിന്റെ ആശയം നിലനിർത്തിക്കൊണ്ട് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | രണ്ട് ആഴ്ചയിൽ ഒരു ദിവസം<br>മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ് ടീച്ചർ |

## ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ചിലവ് |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ<br>കുട്ടികളിലെ സർഗാത്മക കണ്ടെത്താനുള്ള ഒരു അവസരം കുട്ടികളിലെ സർഗാത്മകമായ വളർച്ചയെ എത്രത്തോളം ഉയരത്തിലെത്തിക്കാൻ പറ്റുമോ അത്രയും വികസിപ്പിച്ചെടുക്കുക. | ഇംഗ്ലീഷ് പാഠപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി സദസ്സിന് മുമ്പാകെ അവതരിപ്പിക്കൽ<br>കുട്ടികളെകൊണ്ട് ഒരു ഗ്രൂപ്പായി ക്ലാസിൽ വെച്ച് ഒരു നാടകം ചെയ്യിപ്പിക്കുക<br>സ്കിറ്റ് തയ്യാറാക്കുക. കുട്ടികളെക്കൊണ്ട് നല്ല രൂപത്തിൽ അഭിനയിപ്പിക്കാൻ പ്രേരിപ്പിക്കുക | പ്രതിമാസ പരിപാടി<br>മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | എച്ച്.എസ് ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | 2000 |

We realize the importance of English club as a whole. Various activities under the guidance of English Club must try to fill the transactional problems in the language as an Instructional tool. It must cater the need to promote students to acquire the depth of the language. We ensure the learner must get various aspects of the languages like listening speaking, reading and writing skill. The aesthetics of English can be found in books, movies theatre etc. Introduction of theatre aspects in English learning helps the teacher in inculcating language in depth among learner.

In short we realize the importance of continuous and comprehensive evaluation must be follow each and every activities for the students to rectify themselves. Thank you.

# iii HINDI

വിദ്യാർത്ഥികൾക്ക് പഠനം എളുപ്പവും ആനന്ദകരവുമായ അനുഭവമാക്കി മാറ്റുന്നതിന് ഭാഷ അത്യന്താപേക്ഷിതമാണ്. ഭാഷ മാധ്യമത്തിലൂടെയാണ് ഏത് വിഷയവും എളുപ്പത്തിൽ പഠിക്കുന്നത്. ഭാരതത്തിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഹിന്ദി സംസാര ഭാഷയായി ഉപയോഗിക്കപ്പെടുന്നു. ഹിന്ദി കേരളത്തിൽ പ്രചരിച്ചത് സ്വാതന്ത്രസമരകാലഘട്ടത്തിലായിരുന്നു. ഗാന്ധിജിയുടെ രചനാത്മക പരിപാടികളിൽ ഹിന്ദി പ്രചാരണത്തിന് സമുന്നതമായ പ്രാധാന്യം ലഭിച്ചിരിക്കുന്നു. ഭാഷാപഠനത്തിൽ മുമ്പുണ്ടായിരുന്ന ശ്രദ്ധ കുറഞ്ഞു വരുന്നതായി കണ്ടു വരുന്നു. കുട്ടികളിൽ ഹിന്ദി ഭാഷയോട് താൽപര്യം വർദ്ധിപ്പിക്കുക, ഭാഷയിൽ പ്രാവീണ്യം ഉള്ളവരാക്കി മാറ്റുക, ഈ ലക്ഷ്യം നേടുന്നതിന് വേണ്ടി ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെക്കൂടി മുഖ്യധാരയിൽ എത്തിക്കാൻ സഹായിക്കുന്നപദ്ധതികൾ

**പ്രവർത്തന ക്രമം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർദേശം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും | 1. 7,8,9,ക്ലാസുകളിലെ കുട്ടികളുടെ മുന്നറിവ് പരിശോധനക്കായി പ്രീ ടെസ്റ്റ് അധ്യാപിക തയ്യാറാക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരം ചോദ്യപ്പേപ്പറിൽ തന്നെ എഴുതുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>2. ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുന്നു. വാക്കുകൾ നിർമ്മിക്കുന്നു. വാക്യം നിർമ്മിക്കുന്നു. വായനക്കായി കഥാപുസ്തകം നൽകൽ ഐ സി ടി പ്രദർശനം (ചിത്രങ്ങൾ അടങ്ങിയ സി ഡി)<br>3. ഭിന്ന ശേഷിക്കാരെ പരിഗണിക്കൽ ഐ ഇ ടി അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തൽ | ജൂൺ ആദ്യ വാരം<br><br>ജൂൺ,ജൂലൈ, ആഗസ്ത് | കുട്ടികളുടെ മുൻ ക്ലാസുകളിലെ പഠനനേട്ടങ്ങൾ പരിശോധിക്കാൻ ചോദ്യം തയ്യാറാക്കുന്നു<br><br>മൂല്ല്യ നിർണ്ണയ രേഖ കൃത്യമായി സൂക്ഷിച്ചു വെക്കുന്നു. | SRG,PTA ചോദ്യ പേപ്പർ നിർമ്മാണത്തിലേക്കായി പ്രിന്റ് ചിലവ് 1000<br><br>SRG, PTA ചിലവ് 1500 |
| ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി | കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം. സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ കുട്ടി ലൈബ്രറിയിൽ പുസ്തക വിതരണം ബർത്ത്ഡേ പുസ്തക ശേഖരണം പത്രവായന | ജൂൺ മുതൽ ഫെബ്രുവരി വരെ | അടച്ചുറപ്പും വൃത്തിയുള്ളതുമായ മുറി, അലമാര | ചിവല് 25000 |

| | | | | |
|---|---|---|---|---|
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക | ആസ്വാദ്യകരമായ വായന വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് രചനാ മത്സരങ്ങൾ, കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പുസ്തകം തയ്യാറാക്കുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ സഹായമായ പ്രവർത്തനങ്ങൾ | ചിലവ് 5000 |
| സ്കൂൾ മാഗസിൻ | കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്തൽ വിവിധ രചനകൾ ക്ഷണിക്കുന്നു | ആഗസ്ത് മുതൽ ഒക്ടോബർ വരെ | കുട്ടികളെ പൂർണ്ണമായും ഉൾപ്പെടുത്തുന്നു. | ചിലവ് 600 |
| ദിനാചരണങ്ങൾ | രചനാ മത്സരങ്ങൾ, പോസ്റ്റർ നിർമ്മാണം കവിതാലാപനം, ഹിന്ദി ദിനാഘോഷത്തിന്റെ ഭാഗമായി ഹിന്ദി അസംബ്ലി, ആഴ്ചയിൽ ഒരു ദിവസം ഹിന്ദി പ്രാർത്ഥന | | | |
| പാഠപുസ്തകത്തിലെ അദ്ധ്യായങ്ങൾ പൂർത്തീകരിക്കുമ്പോൾ മൂല്ല്യനിർണ്ണയം | ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരമെഴുതി സ്കോർ രേഖപ്പെടുത്തുക. പോരായ്മകൾ പരിഹരിക്കുന്നു. മനസ്സിലാകാത്ത കാര്യങ്ങൾ ആവർത്തിച്ച് ഉറപ്പിക്കുന്നു. | ജൂലൈ തുടങ്ങി വർഷാവസാനം വരെ | മൂല്ല്യനിർണ്ണയം കൃത്യമായി രേഖപ്പെടുത്തി രേഖയിൽ വരുത്തുക | |
| ഹിന്ദി ഭാഷയ്ക്ക് അനുയോജ്യമായ ഐ സി ടി സഹായം | പാഠഭാഗവുമായി ബന്ധപ്പെട്ട സിനിമാ പ്രദർശനം, വിവിധ കവികളുടെ കവിത കേൾപ്പിക്കൽ, പോസ്റ്റർ, നാടകം പ്രദർശിപ്പിക്കൽ | ജൂൺ മുതൽ വർഷാവസാനം വരെ | ലാബ് ദീർഘകാലടിസ്ഥാനത്തിൽ പ്രത്യേകം സജ്ജീകരിച്ച ലാബ് | |
| ക്ലബ് പ്രവർത്തനങ്ങൾ | കുട്ടികളിൽ ഹിന്ദി ഭാഷയോട് അഭിരുചി വളർത്താന്ധ സഹായിക്കുന്ന പ്രവർത്തനങ്ങൾ പോസ്റ്റർ മത്സരം, കാർട്ടൂൺ രചനാ മത്സരങ്ങൾ നാടക അവതരണം, സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | കുട്ടികളെ പൂർണ്ണമായും ഉപയോഗപ്പെടുത്തൽ | |

# അറബിക്

| ക്രമ നമ്പർ | പ്രവർത്തനം | ആക്ടിവിറ്റി | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് വാക്കുകൾ  എഴുതിയ കാർഡ് വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം കഥ പറയൽ<br>ചിത്രം കഥ എഴുതൽ<br>വ്യവഹാര രൂപങ്ങൾ തയ്യാറക്കൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ മുതൽ ആഗസ്ത് വരെ | പുസ്തകങ്ങൾ സി ഡി | |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് ലൈബ്രറി വായനാമൂല സ്കൂൾ ലൈബ്രറി നവീകരണം(അറബിക് പുസ്തകങ്ങൾ) വായനോത്സവം സംഘടിപ്പിക്കൽ അറബി പത്രം, ആനുകാലിക പ്രസിദ്ധീകരണം വായിക്കൽ ദിനാചരണങ്ങൾ അഭിമുഖം വായനാ സാമഗ്രികൾ വികസിപ്പിക്കൽ ഇ വായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനാമുറി | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തകചർച്ച ക്ലാസ് ലൈബ്രറി വായനാക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് തയ്യാറാക്കൽ ഇൻലന്റ് മാഗസിൻ ചുമർ പത്രിക തയ്യാറാക്കൽ സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ ക്ലാസ് സഭ വ്യക്തിഗത രചന സംഘരചന സാഹിത്യകാരനുമായുള്ള അഭിമുഖം രചയിതാക്കളെ പരിചയപ്പെടൽ സി ഡി പ്രദർശനം | 6 മാസം | ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സിഡി | |
| | അറബിക് ഫെസ്റ്റ് | രചനാ മത്സരങ്ങൾ അറബിക് കലാഅവതരണം, അറബിക് സാഹിത്യകാരനെ ആദരിക്കൽ സ്കിറ്റ് അവതരണം, ഡോക്യുമെന്ററി പ്രദർശനം അറബിക് എക്സിബിഷൻ | | | |
| | അറബിക് അസംബ്ലി | മാസത്തിലൊരിക്കൽ അറബിക് അസംബ്ലി | 1  വർഷം | | |
| | ദിനാചരണങ്ങൾ | ദിനാചരണങ്ങൾ അറബി ഭാഷയുമായി ബന്ധപ്പെടുത്തി നടത്തൽ | വർഷം മുഴുവൻ | | |
| | ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് സഭ കലാപ്രകടനങ്ങൾ | മാസത്തിലൊരിക്കൽ | | |
| | ഡിജിറ്റൽ ലോകം | അറബിക് കീ ബോർഡ് പഠിപ്പിക്കൽ കംമ്പ്യൂട്ടർ പരിശീലനം | വർഷം മുഴുവൻ | | |

# ഉറുദു

ഒരു ഭാഷ എന്ന നിലയിൽ ഉറുദു ഇന്ത്യയിൽ ധാരളമായി ഉപയോഗപ്പെടുത്തുന്നുണ്ട്. നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാന്റെ ദേശീയ ഭാഷയാണ് ഉറുദു. ലോകത്തിലെ ഒട്ടുമിക്ക ഭാഷയും മലയാളി വശത്താക്കിയിട്ടുണ്ട്. ഉറുദു സാഹിത്യ കൃതികൾ ലോക പ്രശസ്തമാണ്. വിദ്യാലയങ്ങളിൽ ഉറുദു ഭാഷ പഠിക്കുവാനുള്ള സൗകര്യം നാം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും അനായാസലളിതമായി ഭാഷസംസാരിക്കാനും പ്രയോഗിക്കുവാനും ഉള്ള ശേഷി പഠിതാക്കളിൽ വികസിച്ചിട്ടില്ല. ഉറുദു ഭാഷാപഠനം ഫലപ്രദമായി നടക്കുന്നതിനാവശ്യമായ പദ്ധതികളാണ് ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

**പ്രശ്നമേഖല അക്കാദമികം**

നമ്മുടെ സംസ്ഥനത്ത് യു പി തലം മുതലാണ് ഉറുദു പാഠ്യവിഷയമാവുന്നത്. അതുകൊണ്ടു തന്നെ ഭാഷ ഉറയ്ക്കുന്നതിന് പല തടസ്സവും നേരിടുന്നുണ്ട്. ഐ സി ടി ഉപയോഗപ്പെടുത്തി പഠനമേഖല വികസിപ്പിക്കുകയാണ് ഇതിന് ഒരു പോംവഴി

**ഭൗതികം**

പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിന് സഹായകമായ ക്ലാസ് റൂം ഇരിപ്പിടം, ഐ സി ടി ഉപയോഗിക്കുവാനുള്ള സൗകര്യം വായനയോട് താൽപര്യമുണ്ടാകുന്ന വിധം സംവിധാനം ചെയ്യേണ്ട ലൈബ്രറി പധിതാവിന്റെ തികഞ്ഞ സന്നദ്ധത എന്നിവ വളരെയധികം ആവശ്യമാണ്.

**സാമൂഹികം**

വിദ്യാലയത്തിലെ ഭൗതികവും അക്കാദമികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിമായുള്ള ഈ പരിശ്രമങ്ങൾ അധ്യാപക രക്ഷാകർതൃ സംഘടനകൾ ഫലപ്രദമായി നിറവേറ്റേണ്ടതുണ്ട്. SSG യും SMC യും SPG യും കാര്യക്ഷമമായി പ്രവർത്തിക്കുമ്പോൾ മാത്രമേ വിദ്യാലയവും പഠനവും വികസിക്കുകയുള്ളൂ.

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഉറുദു ഭാഷ ലളിതമായി പഠിക്കുവാൻ | എഴുത്ത് വായന അക്ഷരമാല കൊണ്ടും പദങ്ങൾ കൊണ്ടും പലതരം കളികൾ അക്ഷരം ഉറക്കുവാൻ നിറങ്ങൾ നൽകൽ കംമ്പ്യൂട്ടർ ഗെയിമുകൾ പദ പ്രശ്നങ്ങൾ മത്സരങ്ങൾ<br>തിരഞ്ഞെടുത്തതും ലളിതവും രസകരവുമായ പുസ്തകങ്ങൾ വായിപ്പിക്കുന്നു. ചിത്ര കഥകൾ, കഥാപുസ്തകങ്ങൾ, നല്ല വായനക്കാർക്ക് നല്ല സമ്മാനം | ജൂൺ ജൂലൈ മാസങ്ങൾ<br>തുടർ പ്രക്രിയ | പാഠപുസ്തകം<br>കംമ്പ്യൂട്ടർ ടാബ്<br>സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി | ബി ആർ സി<br>പൊതു സമൂഹ മാനേജ്മെന്റ്<br>പൂർവ്വവിദ്യാർത്ഥചശറ്റ |

| | | | | |
|---|---|---|---|---|
| വായന കൂട്ടിവായ<br>ന പരിശീലിപ്പിക്ക<br>ൽ നല്ല വായനക്കാ<br>രെ കണ്ടെത്തൽ<br><br>ഉറുദു ക്ലബ് സർ<br>ഗ്ഗവേള ആസ്വാദന<br>സഭ<br><br>പദപരിചയം പദ<br>സമ്പത്ത് വർദ്ധിപ്പി<br>ക്കാൻ<br><br>ഉറുദു ഫെസ്റ്റ്<br><br>കലാമേളയ്ക്ക് മ<br>ത്സരയിനങ്ങൾ | പാടാനും പറയാനും കഴിവുള്ള കു<br>ട്ടികളെ കണ്ടെത്തി മറ്റുള്ളവരെ ആ<br>സ്വദിപ്പിക്കുക രണ്ടാഴ്ചയിൽ ഒരി<br>ക്കൽ ആസ്വാദന സഭ ചേരുക ഓ<br>രോകുട്ടിക്കും അവസരം നൽകുക<br><br>പദസൂര്യൻ ചിത്രങ്ങളും പേരും പദ<br>ങ്ങൾ കൊണ്ട് വാചകങ്ങൾ നിർമ്മി<br>ക്കാൻ ആവശ്യപ്പെടാം ഒരു കുട്ടി ഒ<br>രു പദം പരിപാടി<br>നവംബർ 9 ന് ലോക ഉറുദു ദിന<br>ത്തിലും ഫിബ്ര ഫിബ്രവരി 15 ദേശീ<br>യ ഉറുദു ദിനത്തിലും ആഘോ പൂർ<br>വ്വം കൊണ്ടാടാം വിശിഷ്ടാഥിതിയെ<br>വിരമിച്ച ഉറുദു അധ്യാപകനുമാവാം<br>ആദരിക്കൽ ചടങ്ങ്.<br><br>എല്ലാവരുടെയും പങ്കാളിത്വം ഉറപ്പി<br>ച്ചു കൊണ്ട് വ്യത്യസ്ത മത്സരങ്ങൾ<br>ക്വിസ്<br>പദനിർമ്മാണം കവിതാ രചന ക<br>ഥാരചന<br>കവിതാലാപനം<br>ഉറുദു ഗാനാലാപനം<br>സംഘഗാനം സ്കിറ്റ്<br>ചിത്ര രചന<br>പ്രബന്ധ രചന | തുടർ പ്രക്രി<br>യ<br><br>ഇടവേളക<br>ളിൽ<br><br>ഒക്ടോബർ ന<br>വംബർ | പുറത്തുനിന്നു<br>വാങ്ങാൻ കി<br>ട്ടുന്ന കൊച്ചു<br>പുസ്തകങ്ങൾ<br><br>ലാംഗേജ് ലാബ്<br><br>കംമ്പ്യൂട്ടർ<br><br>മൈക്ക് സെറ്റ്<br><br>മൈക്ക്<br><br>സ്കൂൾ ഹാൾ | ഭാഷാസ്നേ<br>ഹികളായ<br>വ്യക്തിക<br>ളിൽ നിന്ന്<br>പുസ്തക<br>ങ്ങൾ സം<br>ഘടി<br>പ്പിക്കും വി<br>രമിച്ച അ<br>ധ്യാപകരിൽ<br>നിന്നും ശേ<br>ഖരിക്കാം<br>SSA ഫണ്ട്<br>ഉപയോ<br>ഗിക്കാം<br><br>വിദ്യാലയം<br><br>വിദ്യാലയം<br><br>പി ടി എ ക<br>ലാമേള ക<br>മ്മിറ്റി |

# സാമൂഹ്യശാസ്ത്രം

സാമൂഹ്യ പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രഭാസങ്ങൾ,സ്ഥപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായപഠനമാണ് സാമൂഹ്യ ശാസ്ത്രം. അതു കൊണ്ടുതന്നെ ചരിത്രം ഭൂമിശാസ്ത്രം പൗരധർമ്മം സോഷ്യോളജി,സാമ്പത്തിക ശസ്ത്രം, മുതലായ വിഷയങ്ങളുമായി ഈ ശാസ്ത്ര ശാഖ ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടാവേണ്ടതായ പഠനമികവുകൾ ഈ വിഷയവുമായി കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി അവ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതിയും രൂപരേഖയുമാണ് ചുവടെ ചേർത്തിട്ടുള്ളത്.

8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പതനമികവ് ഉറപ്പുവരുത്തു കയും അതോടൊപ്പം തന്നെ മതേതരത്വ ബോധവും സഹിഷ്ണുതയും സർവ്വോപരി ജനാധിപത്യ വാദിയുമായ ഉത്തമ പൗരനായ മാറാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

**പ്രവർത്തന ക്രമം**

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശം | പിന്തുണ( സാമ്പത്തികം) |
|---|---|---|---|---|---|
| 1. | പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | കുട്ടികളുടെ മുന്നറിവ് പരിശോധനയ്ക്കായി പ്രീ ടെസ്റ്റ് അധ്യാപിക തയ്യാറാക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരം ചോദ്യപേപ്പറിൽ എഴുതി സ്കോർ കണക്കാക്കി സൂക്ഷിച്ചുവയ്ക്കുന്നു.<br><br>വാർഷിക പരീക്ഷയുടെ മാർക്ക് 8,9 ക്ലാസുകാരുടെത് രേഖപ്പെടുത്തുന്നു. പരീക്ഷക്കും മുമ്പായി പഠന നേട്ടങ്ങളുടെ സിഡി വിഷ്വൽ കാണിക്കുന്നു<br><br>ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരമെഴുതി സ്കോർ രേഖപ്പെടുത്തുന്നു. പോരായ്മകൾ പരിഹരിക്കുന്നു. | ജൂൺ ആദ്യവാരം | നിർദ്ദേശം 8വേ റെ ലേക്ക് 7വേലെ പഠന നേട്ടങ്ങൾ പരിശോധിച്ച് ചോദ്യങ്ങൾ തയ്യാറാക്കുന്നു 9,10 ക്ലാസുകളിലേക്ക് 8വേ റെ ലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നു. | ചോദ്യപേപ്പർ നിർമ്മാണ പ്രിന്റ് ചെലവ് ങ്ങട: 500 |
| **2.** | പാഠപുസ്തകത്തിലെ അധ്യായങ്ങൾക്ക് പൂർത്തീകരിക്കുമ്പോൾ മൂല്യനിർണയം | | ജൂലൈ 1 മുതൽ വർഷാവസാനം വരെ | അബല്യ നിർണയ രേഖ കൃത്യമായ രേഖപ്പെടുത്തി സൂക്ഷിക്കുകയും വിലയിരുത്താൻ ഉപയോഗിക്കുകയും ചെയ്യും | SRG Subject Council PTA Rs: 1000/- |

| | | | | | |
|---|---|---|---|---|---|
| **3.** | സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കുക | വിവിധ തരത്തിലുള്ള ഭൂപടങ്ങൾ ചാർട്ടുകൾ, പട്ടികകൾ, ഗ്രാഫുകൾ, ചിത്രങ്ങൾ ഉദ്ധരണികൾ ചരിത്രശേഷിപ്പുകൾ, സ്പെസിമെനജശറ്റ മുതലായവയുടെ ശേഖരങ്ങൾ പഠനത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിക്കുന്ന സാമഗ്രികൾ മുതലായവ അനുയോജ്യമായി സൂക്ഷിക്കുന്നു. | ജൂൺ മാസം | ലാബ് ദീർഘമായ അടിസ്ഥാനത്തിൽ സൗകര്യപൂർവം ഉപയോഗിക്കുന്നതിനായി നിർമ്മിക്കണം ലാബിൽ ബ്ലാക്ക് ബോർഡ് പ്രോജക്ടുകൾ എന്നിവ ക്രമീകരിക്കണം | SRG<br>PTA |
| **4.** | എന്റെ സാമൂഹ്യ ശാസ്ത്ര പുസ്തകം കാര്യക്ഷമമാക്കൽ | പഠന നേട്ടങ്ങളിലൂടെ ഉപഘടകങ്ങൾ ബോർഡിൽ കുറിക്കണം നോട്ട് ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക ഹോട്ട്സ്പോട്ട് രേഖപ്പെടുത്തണം ഹോംവർക്കുകൾ ചെയ്യിക്കണം കൃത്യമായ പരിശോധന. | വർഷം മുഴുവൻ | കുട്ടികളുടെ പൂർണ്ണമായ പ്രവർത്തനങ്ങളുടെ ആവിഷ്കാരമാണ് അവരുടെ സാമൂഹ്യ ശാസ്ത്ര പുസ്തകം ടീച്ചർ ചോദ്യങ്ങൾ നൽകി ഉത്തരം എഴുതി വരുമ്പോൾ പഠനം മികവ് ഉറപ്പിക്കാൻ കുട്ടികൾക്ക് കഴിയുന്നു | **വിഷയസമിതി** |
| **5.** | സാമൂഹ്യശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുക | ക്വിസ് മത്സരം പ്രബന്ധരചന, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, ലോക്കൽ ഹിസ്റ്ററി പ്രൊജക്ട് എന്നീ ഇനങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലനം നൽകുക | ജൂലൈ ആദ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അംഗങ്ങൾക്ക് വർക്കിംഗ് മോഡൽ നിർമ്മാണ പരിശീലനം നൽകുക | PTA<br>SMG<br>SRG |
| **6.** | തുടർ മൂല്യനിർണയം പാദവാർഷികം വാർഷികം സി ഇ യും | മുന്നറിവ്. മാസാന്ത്യം, പാദവാർഷികം, അർദ്ധ വാർഷിക പരീക്ഷകൾ നടത്തുക | | കൃത്യമായി രേഖപ്പെടുത്തുക ഇടയ്ക്ക് മികവ് പരിശോധിക്കണം | CLASS<br>PTA<br>SMG<br>SRG |

## പ്രവർത്തന ക്രമം:

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശം | പിന്തുണ( സാമ്പത്തികം) |
|---|---|---|---|---|---|
| 7. | സാമൂഹ്യ പ്രതിബദ്ധതയുള്ള ചരിത്ര ബോധമുള്ള ഉത്തമ പൗരന്മാരാക്കി പഠിതാവിനെ മാറ്റുക | ദിനാചരണങ്ങൾ സംഘടിപ്പിക്കുക | ആഗസ്ത് ഒക്ടോബർ ഡിസംബർ ജനുവരി 26 ഒരു മണിക്കൂർ സമയം | ദിനാചരണം സംഘടിപ്പിക്കുമ്പോൾ നാലുദിവസം മുമ്പേ പ്രവർത്തനം തുട ങ്ങണം. പരസ്യപ്പെടുത്തണം സിമ്പോസിയം പാനൽ ചർച്ച എംബോറിയം സംഘടിപ്പിക്കാം | |
| 8. | പഠന നേട്ടങ്ങൾ പൂർണ്ണമായും ഉൾ ക്കൊള്ളുവാനുള്ള ഉപപ്രവർത്ത നങ്ങൾ | സെമിനാർ സംഘടിപ്പിക്കു ക  ക്ലാസിൽ ഗ്രൂപ്പുകൾ ചെയ്യുന്ന പ്രവർത്തനം ക്രോഡീകരിച്ച് എസ് എസ് ഫോറം വിങ്ങിന്റെ (4 പേജ്) (8,9,10 ക്ലാസുകളിൽ നിന്ന് മൊത്തം 3:4:3 36) നേതൃത്വ ത്തിൽ നടത്തണം | ഓരോ ടൈ മിലും | പങ്കാളിത്തം ഉറപ്പുവരുത്തുക സെമിനാർ പ്രവർത്ത നം ക്ലാസ് തലത്തിലും അവതരണം ക്ലബ്ബിന്റെ നേതൃത്വത്തിൽ അതാത് ക്ലാസിലെ മുഴുവൻ പേരെയും ഉൾപ്പെടുത്തി നടത്തുന്നു. സെമിനാർ ഹാളിന്റെ സൗകര്യം ഉറപ്പാക്കണം | |
| 9. | ഫീൽഡ് ട്രിപ്പ് പഠനയാത്ര സംഘടിപ്പിക്കുക | ചരിത്രസ്മാരകങ്ങൾ സന്ദർ ശിച്ച് വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കി ക്ലാസ്സ് അസംബ്ലിയിൽ അവതരിപ്പിക്കുക | മൂന്ന് ദിവസം | വാഹന സൗകര്യം ഉറപ്പുവരുത്തണം യാത്ര നേരത്തെ പ്ലാൻ ചെയ്യണം | |
| 10. | നാം ജനിച്ചു വളർന്ന വിദ്യാലയം ഉൾപ്പെടെ പ്രദേശത്തെക്കുറിച്ച് വ്യക്തമായ അറിവ് നേടുക | അഭിമുഖം പ്ലാൻ ചെയ്യണം ചോദ്യങ്ങൾ ഗ്രൂപ്പിൽ നിർമിക്കണം ഗ്രൂപ്പ് പ്രവർത്തനം നടത്തണം പ്രാദേശിക ചരിത്രരചനയാക്കി മാറ്റണം പ്രവർത്തനം എസ് എസ് വിങ്ങ് | രണ്ടുമാസം മുതൽ ജനുവരി ഫെബ്രുവര ി വരെ ആസൂത്ര ണം | ആസൂത്രണം വ്യക്തമായി നടക്കണം എസ്പിജി പിടിഎ പ്രസിഡണ്ട് ഉൾപ്പെട്ട ഉദ്ഘാടനം പ്ലാൻ ചെയ്യാം പ്രദേശത്തെ മുതിർന്ന പൗരനെ ആ ദരിക്കാം | |

# ഗണിതം

പ്രശ്നം നിർദ്ധാരണ ശേഷി വികസിപ്പിച്ചെടുക്കൽ ആണ് ഗണിത പഠനത്തിന് പ്രധാന ലക്ഷ്യം. ഗണിതത്തിൽ താൽപര്യമില്ലാത്ത കുട്ടികൾ താൽപര്യം ജനിപ്പിക്കുകയും കുറെ സൂത്രവാക്യങ്ങൾ മാത്രമല്ല ഗണിതം എന്ന് തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുകയും വേണം പരിശ്രമിച്ചാൽ അസാധ്യമായി ഒന്നുമില്ല എന്ന് മഹത്തായ ആശയംകുട്ടിയിൽ സന്നിവേശിപ്പിക്കുമ്പോൾ ആണ് അധ്യാപകൻ വിജയിക്കുന്നത്. ഗണിതം രസകരമാക്കുന്ന ഏതറ്റം വരെ പോകാൻ നമുക്ക് കഴിയണം ആര് ഭട്ടനെയും ഭാസ്കരനെയും സൃഷ്ടിച്ച ഭാരതത്തിൽ ഇന്ന് ഏത് വിദ്യാലയത്തിലെ പഠിതാക്കളെ കുഴയ്ക്കുന്ന വിഷയം ഗണിതം തന്നെയാണ് ഗണിത പഠനം എളുപ്പവും രസകരവും ആക്കുന്നതിനുള്ള മാർഗങ്ങളാണ് ഞങ്ങൾ ആസൂത്രണത്തിന്റെ ഭാഗമായി കൂടുതലും ചർച്ച ചെയ്തത്

## ഗണിത പഠനം പ്രശ്നങ്ങൾ

**അക്കാദമികം**

ഹൈസ്കൂളിൽ കുട്ടികളിൽ പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും ഭാഗികമായി പോലും മുഴുവൻ പേർക്കും നേടാൻ കഴിയുന്നില്ല മുന്നറിയിപ്പ് പലർക്കും ആവശ്യത്തിന് ഇല്ല ഐസിടി അധിഷ്ഠിതമായും പ്രക്രിയ ബന്ധിതമായും പാഠസൂത്രണവും പ്രയോഗവും ഉദ്ദേശിച്ച രീതിയിൽ നടത്താൻ കഴിയുന്നില്ല.

**ഭൗതികം**

ക്ലാസ് മുറികൾ ഐസിടി അധിഷ്ഠിത പ്രവർത്തനത്തിനും പ്രവർത്തനാധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല ഗണിത ലാബ് ഗണിത ലൈബ്രറി ഇവയുടെ അഭാവം

ഗണിത പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ കുട്ടികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച

**സാമൂഹികം**

പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രയോജനപ്പെടുത്തി വരുന്ന ഗണിത വൈഭവം വിദ്യാലയങ്ങളിൽ പ്രയോഗിക്കുവാൻ കഴിയുന്നില്ല

| പ്രശ്ന വിശകലനം<br>പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. | | |
|---|---|---|
| കാരണങ്ങൾ | പരിഹാര നിർദേശം | പദ്ധതി / പ്രവർത്തനം |
| കുട്ടികൾ<br>അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ് കാരണം താൽപ ര്യമില്ലാതെ ക്ലാസിൽ ഇരിക്കുക | ഓരോ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെനിലവാരം നിർണ്ണയി ക്കുന്നു. മുൻ ക്ലാസുകളിൽ നേടിയ അടിസ്ഥാന ശേഷികൾഉറപ്പിക്കുന്നതിന് കഠിനമായി പരിശ്രമിക്കുന്നു. | പ്രീ ടെസ്റ്റ്<br>മുൻ ക്ലാസുകളിൽ പഠന നേട്ടങ്ങൾ ഉറപ്പിച്ച ശേഷം പാഠ ഭാഗം തുടങ്ങുന്നവിധം ആസൂത്രണം ചെയ്യുക |
| ഗണിതം ബുദ്ധിമുട്ടാണ് എന്ന മുൻവിധിയോടെ സമീപി ക്കുന്നു. | എല്ലാ നിലവാരക്കാരെയും പരിഗണിച്ചു കൊണ്ട് പാഠാസൂത്രണം നടത്തുന്നു. ര സകരമായി വനിമയം ചെയ്യാൻ ശ്രമി ക്കുന്നു. പഠനോപകരണങ്ങളുടെ പ്ര യോഗ സാധ്യത ശിൽപ്പശാല നടത്തി മ നസ്സിലാക്കാൻ ശ്രമിക്കുന്നു. | വിഷയ സമിതിയിൽ ചർച്ച ചെയ്ത ശേഷം മാത്രം വി നിമയം ചെയ്യുക |

| | | |
|---|---|---|
| പാഠ പുസ്തകങ്ങൾ ഇൻസ്ട്രുമെന്റ് ബോക്സ് തുടങ്ങിയ ഉപകരണങ്ങൾ ഇല്ലാതെയാണ് ക്ലാസിൽ വരുന്നത്. | ഗണിത ക്ലബിന്റെ പ്രവർത്തനം വിപുലമാക്കി പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കുക | ക്ലബ്പ്രവർത്തനം നന്നായി പ്ലാൻ ചെയ്ത് നടപ്പിലാക്കുക. |
| രാവിലെ ഭക്ഷണം കഴിക്കാതെയും ഉച്ചഭക്ഷണം സ്കൂളിൽ നിന്ന് കഴിക്കാത്തവരുമുണ്ട് ഇവരിൽ ശ്രദ്ധക്കുറവ് കാണുന്നുണ്ട്. | പാഠ പുസ്തകങ്ങൾ ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ ലഭ്യമാക്കുക അധിക സമയം കണ്ടെത്തുക | പാഠ പുസ്തകങ്ങൾ പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. |
| ഗണിത ആശയങ്ങൾ പലതും നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്നില്ല. | ഗണിതാശയങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി വിനിമയം ചെയ്യുക. | |
| അദ്ധ്യാപകർ<br>എല്ലാ കുട്ടികൾക്കും | അദ്ധ്യാപകർക്ക് ഐ സി ടി പരിശീലനം ലഭ്യമാക്കുക.<br>ഗണിതത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് മൊഡ്യൂൾ പരിഷ്കരിക്കുക. | ഗണിത ക്ലബിൽ നിത്യ ജീവിതവുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുക നടപ്പിലാക്കുക. പഠനോപകരണ ശിൽപ്പശാല സംഘടിപ്പിക്കുക. ഐ സി ടി പരിശീലനം പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തതയോടെ നൽകുക. എല്ലാ അധ്യാപകർക്കും ലാപ്പ് ടോപ്പ് ഉറപ്പുവരുത്തുക. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക. ആവശ്യത്തിന് സമയമെടുത്ത് കൊണ്ട് വിശദമായി തന്നെ ക്ലാസ് പി ടി എ നടത്തുക. രക്ഷിതാക്കൾക്ക് കൃത്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുക.<br>രക്ഷികാക്കളുമായി മികച്ച ബന്ധം അധ്യാപകർ സ്ഥാപിക്കണം. അവർക്ക് ആവശ്യമായ പിന്തുണ വാഗ്ദാനം ചെയ്യണം. |
| കൃത്യമായി പ്ലാൻ ചെയ്താലും വിനിമയത്തിന് അധികം സമയം ആവശ്യമായി വരുന്നു. | ക്ലാസ് റൂമുകൾ ഹൈടെക് ആക്കുക. | |
| ഐ സി ടി സാധ്യത ഉപയോഗിച്ച് ആശയവിനിമയം നടത്താൻ കഴിയുന്നില്ല. | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ നിന്നും ഗണിതവുമായി ബന്ധപ്പെട്ട പസ്തകങ്ങൾ ശേഖരിക്കുകയും കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക. | |
| സംവിധാനം<br>അച്ചടക്കവും കൃത്യ നിഷ്ഠയും താൽപര്യപൂർവ്വം ഇരിക്കാനുള്ള അവസ്ഥയും കുട്ടിയിൽ കാണുന്നില്ല. | ക്ലാസ് പി ടി എ വിളിച്ച് ചേർത്ത് പഠനിലവാരം കൃത്യമായി ചർച്ച ചെയ്യുക. | |
| ആശയങ്ങൾ കൃത്യമായി വിനിമയം ചെയ്യാനുള്ള സമയക്കുറവ് പ്രധാന പ്രശ്നമായി മാറുന്നു. | വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ആവശ്യമായ സഹായം ചെയ്യുക. | |
| പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് ഗുണമേന്മയുള്ള പരിശീലന പരിപാടികൾ നടക്കുന്നില്ല. | | |
| രക്ഷിതാക്കൾ<br>എല്ലാ വീടുകളിലും പഠനാന്തരീക്ഷം വേണ്ട തോതിലില്ല രക്ഷിതാക്കൾ സ്കൂളുമായി വേണ്ട തോതിൽ ബന്ധപ്പെടുന്നില്ല. | | |

## പ്രശ്ന പരിഹാര വിശദാംശങ്ങൾ

പ്രീ ടെസ്റ്റ്

ജൂൺ മാസം ആദ്യവാരം തന്നെ പ്രീ ടെസ്റ്റ് നടത്തുന്നു. യഥാർത്ഥ പ്രശ്നങ്ങൾ ടഞഏ യിലും ക്ലാസ് പി ടി എയിലും ചർച്ച ചെയ്യുന്നു. കുട്ടികളുടെ അടിസ്ഥന രേഖയായി സൂക്ഷിച്ചു വെക്കുന്നു. തുടർ പ്രവർത്തനങ്ങൾ നടത്തി പഠനപുരോഗതി വിലയിരുത്തുന്നു. മുന്നറിവ് ഓർമ്മയിലെത്താനുള്ള സി ഡി പ്രദർശനം ഓരോ ക്ലാസിലും സംഘടിപ്പിക്കാൻ കഴിയുന്നു.

## MATHS CLUB

6 ഘട്ടങ്ങളിലായി പ്രവർത്തനം പൂർത്തിയാവുന്ന പിപാടി. (ദീർഘകാല പ്രവർത്തനം)

സബ്ജക്റ്റ് കൗൺസിൽ, എസ് ആർ ജി  ക്ലാസ്, പിടി എ എന്നിവയിൽ പരിപാടിയെകുറിച്ച് വിശദീകരിക്കുന്നു.

ജൂൺ മുതൽ നവംബർ വരെ 6 ടെസ്റ്റ് നടത്തുന്നു.

ജൂൺ മാസം മുമ്പ് പഠിച്ച ക്ലാസിലെ ആശയങ്ങളെ ആസ്പദമാക്കി ചോദ്യമായിരിക്കും.

ഓരോ ക്ലാസിൽ നിന്നും 5 പേരെ വീതം തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുത്ത പതിനഞ്ച് കുട്ടികൾക്ക് ഒരു ദിവസത്തെ ഗണിത വർക്ക്ഷോപ്പ് നൽകുന്നു.

സപ്തംബർ മാസത്തിൽ ടഠകഘഘ ഒഛഡഋഘ, ണഛഞഗകചഏ ഒഛഡഋഘ ഇവ 15 പേരെ കൊണ്ട് നിർമ്മിപ്പിക്കുന്നു.

തെരഞ്ഞെടുത്ത 6 പേർക്ക് ഗണിതവുമായി ബന്ധപ്പെട്ട 20 പുസ്തകങ്ങൾ വീതം നൽകുന്നു.

ഡിസംബർ മാസമാകുമ്പോഴേക്ക് രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി ലൈവ് ക്വിസ് മത്സരം നടത്തുന്നു. 1,2,3 സ്ഥനക്കാർക്ക് സമ്മാനം നൽകി ഈ പരിപാടി പൂർത്തിയാക്കുന്നു.

പിന്തുണ SRG, PTA,Manager ചിലവ് 8000 രൂപ.

## EAZY MATHS

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരോടൊപ്പം നിന്ന് ബോധനം നൽകുന്നു. ഈവനിംഗ് ക്ലാസിൽ ലളിതമായ ബോധനം എങ്ങനെ കണ്ടെത്തും വിശദമാക്കുക.

ഗണിത ക്ലബ്

| | |
|---|---|
| ഗണിത പ്രൊജക്റ്റുകൾ | ജൂലൈ മാസം |
| സെമിനാറുകൾ | ആഗസ്ത് |
| പ്രശ്നോത്തരി | ഒക്ടോബർ കൂടാതെ ദിനാചരണങ്ങളും സംഘടിപ്പിക്കും. |

## ഭൗതിക ശാസ്ത്രം

വിവേചന രഹിതമായ മികച്ച വിദ്യാഭ്യാസം എന്ന ആശയം മുറുകെ പിടിച്ചു കൊണ്ട് മികച്ച നിലവാരമുള്ളവരെയും പിന്നോക്കമുള്ളവരെയും പ്രത്യേകമായി പരിഗണിച്ചു കൊണ്ട് എന്നാൽ ഒരേപോലെ നോക്കിക്കണ്ടുകൊണ്ട് ഭൗതികശാസ്ത്രത്തെ കുട്ടിയോട് അടുപ്പിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഭൗഥിക ശാസ്ത്ര പഠനം പരീക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് പുരോഗമിക്കുന്നത്. അതുകൊണ്ടുതന്നെ ആവശ്യമായ പഠനോപകരണങ്ങൾ ക്രമമായി വിന്യസിച്ചിട്ടും നവീകരിച്ച ശാസ്ത്രലബ് അത്യാവശ്യമാണ് കേടായ ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുക. വൃത്തിയുള്ള നല്ല വെന്റിലേഷൻ ഉള്ള ക്ലാസെടുക്കുവാൻ കൂടി സൗകര്യപ്രദമായ പ്രൊജക്ടർ സംവിധാനമുൾക്കൊണ്ട ലബോട്ടറിയാണ് ഇവിടെ ആവശ്യം. ഒരു ശാസ്ത്ര വിഷയം എന്ന നിലയിൽ ഫിസിക്സ് ക്ലാസിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും പദ്ധതികളും ആവശ്യമായ സമയവും ചേർത്ത് പ്രതിപാദിക്കുന്നു.

1. പഠന പിന്നോക്കാവസ്ഥ അവലോകനം
2. പിന്നോക്കം നിൽക്കുന്നവരെ ഉയർത്തുക
3. പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക പ്രത്യേക പരിശീലനം നൽകുക.
4. ശാസ്ത്രവും ഐടി സാധ്യതയും ബന്ധപ്പെടുത്താൻ

പിന്നോക്കമുള്ള പഠിതാവിനെ അറിയുന്നതിനുള്ള പ്രവർത്തന രൂപരേഖ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശം |
|---|---|---|---|
| ഭൗതികശാസ്ത്ര പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി പരിപാടി ആവിഷ്കരിക്കുന്നു. | 8 ക്ലാസ്സിൽ പ്രീ ടെസ്റ്റ് നടത്തി അവർക്കാവശ്യമായ പിന്തുണയും പീർ ഗ്രൂപ്പിൻറെ സഹായത്തോടെ അധ്യാപകന്റെ മേൽനോട്ടത്തിൽ നൽകുന്നു.<br>മുന്നറിവ് പരിശോധനയ്ക്ക് പ്രാധാന്യം കൊടുത്തു വേണം ചോദ്യങ്ങൾ | ജൂൺ മാസം | 9 10 ക്ലാസുകളിലും ഇത് നടത്തേണ്ടതുണ്ട് 8 ക്ലാസ്സിൽ നടത്തുന്ന ടെസ്റ്റിൽ 7 ാം ക്ലാസിലെ മുന്നറിയിവു കൂടി പരിഗണിക്കേണ്ടതുണ്ട്<br>പിന്തുണ<br>എസ് ആർ ജി<br>ചിലവ് 500 രൂപ |

**പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക**

**പ്രത്യേകം പരിശീലനം നൽകുക**

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ |
|---|---|---|---|
| ജന്മസിദ്ധമായി കഴിവുള്ള മിടുക്കന്മാരായ വിദ്യാർഥികളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കുക | ക്വിസ് മത്സരം അഭിമുഖം ക്ലാസിലെ പങ്കാളിത്തം എന്നിവ എന്നിവയിലെ മികവ് പരിഗണിച്ച് തെരഞ്ഞെടുക്കുന്ന കുട്ടികളെ ഒഴിവ് ദിവസങ്ങളിലും കാലത്തും വൈകിട്ടും പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിച്ച അവരെ കൂടുതൽ മികവിലേക്ക് നയിക്കുന്നു | | രക്ഷിതാവുമായി ബന്ധം സ്ഥാപിക്കണം പ്രൊജക്റ്റ് പ്രവർത്തനങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകണം ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ പരിശീലനം ആരംഭിക്കണം പിന്തുണ |

| | | | |
|---|---|---|---|
| | പ്രോജക്ട് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു സഹപാഠികൾക്ക് പഠനത്തിന് സഹായിക്കുന്നു | | എസ് ആർ ജി ചെലവ് 500 |
| **ശാസ്ത്രലാബ് നവീകരിക്കൽ**<br>**ലബോറട്ടറി പ്രവർത്തനം ചാർട്ട് ചെയ്തത്** | | | |
| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ |
| ആധുനിക സൗകര്യങ്ങളോടുകൂടി ഒരു ഹൈടെക് ലബോട്ടറിയാണ് അന്തർദേശീയ നിലവാരത്തിലേക്ക് ഉയരുന്ന ഒരു വിദ്യാലയത്തിൽ ഉണ്ടാവേണ്ടത്. അത് നിലവിലെ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് പുതിയ മുറിയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. | സൗകര്യപ്രദമായ നല്ല വെളിച്ചമുള്ള മുറി പ്രൊജക്ടർ ഉപയോഗിച്ച് ക്ലാസ് കൈകാര്യം ചെയ്യുവാനുള്ള സൗകര്യം ചില്ലലമാരിയിൽ റഫറൻസ് പുസ്തകങ്ങൾ ഉപകരണങ്ങൾ എളുപ്പം എടുക്കാവുന്ന തരത്തിൽ ക്രമീകരിക്കുക. ഉറപ്പുള്ള ഫർണിച്ചറുകൾ | | ചിലവ് 10000/ രൂപ പി ടി എ മാനേജ്മെന്റ് എസ് ആർ ജി എസ് എസ് ജി ചിലവ് സ്കൂൾ മാനേജ്മെൻറ് പ്ലാനിങ്ങിന്റെ ഭാഗമായി തയ്യാറാക്കണം |

## ശാസ്ത്രം ഐ.സി.ടി യുമായി ബന്ധപ്പെടുത്തുക

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ |
|---|---|---|---|
| ലഭ്യമായ ഐടി റിസോഴ്സുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുവാൻ കഴിയണം | ശാസ്ത്ര വിഷയ താത്പര്യം വർദ്ധിപ്പിക്കുക പ്രവർത്തനം വിശദീകരിച്ചുകൊണ്ട് വീഡിയോകളും മറ്റു വിഷ്വൽസും അവതരിപ്പിക്കുക ഇടയ്ക്ക് നിർത്തി ചോദ്യങ്ങൾ ഉന്നയിക്കുക വീഡിയോ വീണ്ടും കാണാൻ അവസരം ഉണ്ടാക്കുകയും ചെയ്യുക. | | പഠന നേട്ടങ്ങൾ പ്രതിപാദിക്കുന്ന ഭാഗം വായിച്ച് തയ്യാറെടുത്ത് വരാൻ നിർദ്ദേശിക്കുകയും എല്ലാ മാസത്തിലും ക്വിസ് മത്സരം ജൂലൈ മുതൽ തുടങ്ങണം പിന്തുണ പിടിഎ, എസ്.ആർ.ജി ചെലവ് 500 രൂപ |

# ശാസ്ത്ര അഭിരുചി വളർത്തിയെടുക്കണം

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ |
|---|---|---|---|
| ശാസ്ത്രീയമായ ഒരു മനോഭാവം ഏത് കാര്യത്തിലും ഉണ്ടാക്കിയെടുക്കാൻ കഴിയുക | ശാസ്ത്രം ഏത് രീതിയിലാണ് ജനോപകാരപ്രദമാകുന്നത് എന്ത് നേട്ടമാണ് ശാസ്ത്ര ചിന്ത നമ്മിൽ ഉണ്ടാക്കുന്നത് ശാസ്ത്രം നമുക്ക് രക്ഷകനാണോ? ഉത്തരം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ക്ലാസ്സുകൾ പ്രദർശനങ്ങൾ സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കും | സപ്തംബർ ഒക്ടോബർ | ഓരോ മാസവും ഒന്നു വീതം ജൂലൈ മുതൽ ആരംഭം പിന്തുണ പിടിഎ ചിലവ് 2000/ |

പഠനയാത്രകൾ ഫീൽഡ് ട്രിപ്പ് സെമിനാറുകൾ

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ |
|---|---|---|---|
| ഭൗതികശാസ്ത്ര പഠനം രസകരമാക്കുന്നതിന് യാത്രകൾ പ്ലാൻ ചെയ്ത് നടത്തുക | ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ പ്ലാനറ്റോറിയങ്ങൾ സന്ദർശിക്കുക ശാസ്ത്ര പ്രതിഭകളായി ആശയവിനിമയം നടത്തുക | | ഭൗതികശാസ്ത്രം കൂടുതൽ കുട്ടിയോട് അടുക്കുന്നതാണ് |

മേളകളിലെ പങ്കാളിത്തം ഉറപ്പാക്കുക

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | നിർദ്ദേശങ്ങൾ |
|---|---|---|
| പ്രവർത്തനങ്ങളോടിഴ ചേർന്ന പഠനമാണ് ശാസ്ത്രം എന്ന മനോഭാവം രൂപപ്പെടുന്നതിന് | സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുക മുഴുവൻ വിദ്യാർഥികളെയും പങ്കെടുപ്പിക്കുക ഉപജില്ലാതലത്തിൽ മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക പിന്തുണ പിടിഎ എസ് ആർ ജി ചിലവ് | ഒക്ടോബർ മാസം പിടിഎ എസ് എസ് ജി എസ് ആർ ജി തുടങ്ങി എല്ലാ പിന്തുണയും ആവശ്യമായ പ്രവർത്തനം കൃത്യമായി പ്ലാനിങ് പ്രധാന പ്രവർത്തകരുമായി ചർച്ച ചെയ്തു കൂട്ടി ചേർക്കലുകൾ എല്ലാം ആവശ്യമാണ് |

## രസതന്ത്രം

മനുഷ്യൻറെ വളർച്ചയിൽ ശാസ്ത്രത്തിൻറെ പങ്ക് അമൂല്യമാണ് ഒരു ശാസ്ത്രമെന്ന നിലയ്ക്ക് രസതന്ത്രം നമ്മളിൽ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. ഔഷധ നിർമ്മാണ മേഖലയിൽ ബയോകെമിസ്ട്രിയുടെ പങ്ക് ഏറെ വിലപ്പെട്ടതാണ് അന്ധവിശ്വാസങ്ങളുടെ യും അബദ്ധധാരണകളുടെയും ദുഷിതവലയങ്ങളിൽ നിന്നും നമ്മെ കൈപിടിച്ചു യർത്തുവാൻ രസതന്ത്രം എപ്പോഴും കൂട്ടിയിട്ടുണ്ട്. വിദ്യാഭ്യാസ കാലയളവിൽ ശാസ്ത്രത്തിൻറെ രീതി ഉറപ്പിക്കുന്നതിന് രസതന്ത്ര പഠനം ഏറെ ഫലപ്രദമായും ലളിതമായും ആവിഷ്കരിക്കേണ്ടതുണ്ട്. ലബോറട്ടറി സംവിധാനം ഒരുക്കിയാൽ മാത്രം മതിയാവില്ല.

മറിച്ച് കൃത്യമായി പദ്ധതികൾ ആസൂത്രണം ചെയ്തു സമയബന്ധിതമായി പൂർത്തീകരിക്കുകയാണ് പ്രധാനം.

പാഠപുസ്തകങ്ങളുടെ സമഗ്ര വിശകലനം വഴി കുട്ടിയുടെ മുന്നറിവ് അപഗ്രഥിക്കുകയും അതിൻറെ തുടർച്ചയായി പഠന നേട്ടങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങളാണ് പ്രാരംഭഘട്ടത്തിൽ ഞങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് ആധുനികസഗരത്തോട് കൂടിയ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഫലപ്രദമായി വിനിയോഗിക്കുകയും ആണ് ചെയ്യുന്നത് നിത്യജീവിതവുമായി ബന്ധപ്പെടുത്തി രസതന്ത്ര പഠനം രസകരവും സുതാര്യവും സുതാര്യവും ആക്കേണ്ടതുണ്ട് ഐസിടി സാധ്യതകൾ രസതന്ത്ര പഠനത്തിന് ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കുട്ടികളുടെ ജിജ്ഞാസ വർദ്ധിക്കുന്നു. പരീക്ഷണങ്ങൾ കുട്ടികൾക്ക് എന്നും അത്ഭുതമാണ് അത് പരമാവധി പ്രയോജനപ്പെടുത്തുവാൻ ഈ ആസൂത്രണ പദ്ധതിയിൽ ഞങ്ങൾ ശ്രമിക്കുന്നുണ്ട് രസതന്ത്ര പഠനം കൂടുതൽ രസകരമാക്കി കുട്ടികൾക്ക് പഠനം ആയാസരഹിതമാക്കാനുള്ള പ്രവർത്തനങ്ങളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|
| 8,9,10 ക്ലാസുകളിലെ മുന്നറിയിപ്പ് പരിശോധിക്കുന്നു. | മുന്നറിയിവായി കുട്ടിയിലുണ്ടാവേണ്ട ആറ്റം തന്മാത്ര മൂലകം സംയുക്തം ലീനം ലായകം ലായനി തുടങ്ങിയ രസതന്ത്രത്തിന്റെ അടിസ്ഥാന ധാരണകൾ ഉൾക്കൊള്ളിച്ച് സി ഡി പ്രദർശിപ്പിക്കുന്നു പ്രീ ടെസ്റ്റ് നടത്തുന്നു. മികവിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു തുടർ പ്രവർത്തനങ്ങളിലൂടെ പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നു | ജൂൺ ആദ്യവാരം | മുഴുവൻ വിദ്യാർഥികളെയും പരിഗണിച്ചുകൊണ്ട് ചോദ്യങ്ങൾ തയ്യാറാക്കുന്നു ചോദ്യപേപ്പറിൽ തന്നെ ഉത്തരം എഴുതിക്കുന്നത് നന്നായിരിക്കും മൂല്യനിർണയം നടത്തിയ സ്ക്രിപ്റ്റ് സൂക്ഷിക്കുകയും കുട്ടികളുടെ മികവ് രേഖപ്പെടുത്തി തരംതിരിക്കുകയും ചെയ്യാം മികവ് ശരാശരി ശരാശരിയിലും താഴെ എന്ന ക്രമത്തിൽ കുട്ടികളുടെ കുട്ടികളിലും തരം തിരിക്കാം | എസ് ആർ ജി |
| പഠനപ്രവർത്തന ത്തിൽ ലബോറട്ടറി ഫലപ്രദമായി ഉപയോഗിക്കുകയു | പഠനഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും പരീക്ഷണങ്ങൾ | ജൂലായ് മുതൽ വർഷ അവസാനം | പ്രവർത്തനങ്ങളുടെ റെക്കോർഡ് തയ്യാറാക്കി മൂല്യനിർണയം നടത്തണം | എസ് ആർ ജി |

| | | | | |
|---|---|---|---|---|
| ം ഐസിടി സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുക | പ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വീഡിയോ കാണിച്ചു കൊണ്ട് പരീക്ഷണങ്ങൾ ചെയ്യുന്നു എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നു | വരെ | | |
| ഫീൽഡ് ട്രിപ്പിന് ഉള്ള അവസരം പ്രയോജനപ്പെടുത്തുന്നു | ശാസ്ത്രജ്ഞരുടെ കേന്ദ്രങ്ങൾ ഫാക്ടറികൾ കോളേജ് ലബോറട്ടറികൾ സന്ദർശിക്കുന്നു. പഠിക്കുന്നു | നവംബർ മുതൽ ഡിസംബർ വരെ | രസതന്ത്ര പഠനം രസകരവും ആകർഷണവും ആക്കുന്നതിന് ഇത്തരം സന്ദർഭങ്ങൾ ഉപകരിക്കും | പി ടി എ<br><br>എസ് ആർ ജി |
| രസതന്ത്രത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി അറിയുവാൻ ശ്രമിക്കുന്നു | നാം ദിവസവും ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഉദാഹരണം പഞ്ചസാര കറുപ്പ് തുടങ്ങിയ എല്ലാ ആഹാര വസ്തുക്കളും അടങ്ങിയിരിക്കുന്ന രാസവസ്തുക്കളെ തരം തിരിച്ചറിയിക്കാനുള്ള പ്രവർത്തനം പ്ലാൻ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു | ജൂലൈ | നാരങ്ങയിലെ സെട്രിക് ആസിഡും പുളിയില ടാറിക് ആസിഡ് പരീക്ഷണങ്ങളിലൂടെ അറിയുമ്പോൾ രസതന്ത്രവുമായി കൂടുതൽ അടുക്കാൻ കുട്ടിക്ക് കഴിയും | |

**പഠനയാത്രകൾ ട്രിപ്പ് സെമിനാറുകൾ**

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|
| മൂലകങ്ങളും അവയുടെ സ്വഭാവങ്ങളും സഹായത്തോടെയും മുതലായ സോഫ്റ്റ് വെയർ വഴിയും അറിയുക | ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ ലോഹങ്ങൾ അലോഹങ്ങൾ സംക്രമണ മൂലകങ്ങൾ വാതകങ്ങൾ അലസവാദനങ്ങൾ തുടങ്ങിയ മൂലകങ്ങളുടെ സ്വഭാവസവിശേഷതകൾ പട്ടികപ്പെടുത്തുന്നു അവയുടെ സാമാന്യ വ്യത്യാസങ്ങൾ അറിയുന്നു | ആഗസ്റ്റ് | പിരിയോഡിക് ടേബിൾ ആണ് പരിചയപ്പെടുത്തുന്നത് മൂലകങ്ങളുടെ പേര് ലിസ്റ്റ് ചെയ്ത് ഗ്രൂപ്പ് സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ വർഗീകരിച്ച് കൊണ്ട് പഠിക്കുന്നതാണ് കൂടുതൽ നല്ലത് | |
| 8,9,10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ് | നാല് ഗ്രൂപ്പുകൾ ആക്കി മാറ്റി ഓരോ ഗ്രൂപ്പിനും പ്രവർത്തനങ്ങൾ നൽകിയ റിപ്പോർട്ട് തയ്യാറാക്കുന്നു | സപ്തംബർ | സയൻസ് ക്ലബ്ബ് അംഗങ്ങളെ ഉപയോഗിച്ചുകൊണ്ട് പ്രവർത്തനം | |
| കിണറിലെ വെള്ളം വറ്റുമ്പോൾ ഉപയോഗമല്ലാതായി മാറുന്നു കാരണങ്ങൾ പഠിക്കുന്നതിനായി പ്രോജക്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഗ്രൂപ്പ് പ്രവർത്തനം ഓരോ ഗ്രൂപ്പിനും ചുമതല ജലം മലിനമാകാൻ ഇടയായ രാസ്തവ വസ്തുക്കളെപ്പറ്റി അറിയുന്നതിനായി പത്ത് വീടുകളിൽ നടത്തിയ സർവ്വേ പ്രൊജക്റ്റ് തുല്യ പ്രവർത്തനം | ഫെബ്രുവരി | റിപ്പോർട്ട് തയ്യാറാക്കുന്നത് സമഗ്രമായിരിക്കണം | |

# ജീവശാസ്ത്രം

ജീവശാസ്ത്രപഠനം മറ്റു ശാസ്ത്രപഠനം മേഖലയിൽ നിന്നും തികച്ചും വേറിട്ട് നിൽക്കുന്നു അത് നമ്മുടെ ചിന്തയെ ജീവിതശൈലിയെ ഒരു ജീവി എന്ന നിലയിൽ സഹജീവികൾ ഉണ്ടാവേണ്ട അനുകമ്പയെ തൊട്ടുണർത്തുന്നു ഭൗതികശാസ്ത്രവും ജീവശാസ്ത്രവും ഒപ്പത്തിനൊപ്പം കുതിച്ചു മുന്നേറുമ്പോൾ ജീവശാസ്ത്രം പ്രകൃതിയുടെ താളത്തിന് ഒപ്പം സഞ്ചരിക്കുകയാണ് ചെയ്യുന്നത് താങ്ങു വേണ്ടതും പഠിതാവിൽ കൗതുകംനാസയും തീഷ്ണപാഠവും എന്നിവ വളർത്തുവാനും പ്രകൃതിപ്രതിഭാസങ്ങളെ വിശകലനം ചെയ്യുവാനും പുതിയ അനുഭവങ്ങൾ ആർജിക്കുവാനും ജീവശാസ്ത്രം ഊന്നൽ നൽകുന്നു കഴിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി വിശകലനം ചെയ്യുമ്പോൾ പുതിയ അറിവിലേക്ക് നയിക്കപ്പെടുന്നു നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിനായുള്ള ചൂണ്ടുപലകയിലാണ് വന്നു ചൂണ്ടുപലയ ആവുന്നു യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുക ചെയ്യുന്നതിനുള്ള അറിവ് സ്വായത്തമാക്കുന്നു ശാസ്ത്ര പഠന രീതി ഇതാണ് ശാസ്ത്രത്തെ അറിയുന്ന സമൂഹം ഒരിക്കലും അന്ധവിശ്വാസങ്ങളിലൂടെയും അനാചാരങ്ങളുടെയും പിറകെ പോകില്ല യാതൊരുവിധ ചൂഷണങ്ങൾക്കും തട്ടിപ്പുകൾക്കും വിധേയരാവുകയില്ല അതുകൊണ്ട് തന്നെ ശാസ്ത്രം ഒരു രക്ഷാകവചം കൂടിയാണ് ജാതിമതവർഗ്ഗ വ്യത്യാസമന്യേ എല്ലാവരിലും ശരീരത്തിൽ ഒഴുകുന്ന രക്തത്തിൻറെ വർണ്ണവും സ്വഭാവവും പഠിക്കുമ്പോൾ പരിണാമത്തെക്കുറിച്ച് അറിവ് നേടുമ്പോൾ വാസ്തവത്തിൽ നാം പുതിയ മനുഷ്യരായി മാറുകയാണ് ചെയ്യുന്നത്.

ഇത്തരം സവിശേഷതകളോട് കൂടി വികാസം പ്രാപിക്കണമെങ്കിൽ ശാസ്ത്ര പഠനം കൂടുതൽ സമഗ്രവും ഗൗരവകരവും ആയി മാറേണ്ടതുണ്ട് ജീവശാസ്ത്ര പഠനവും അതോടൊപ്പം വികസിതമാവേണ്ടതുണ്ട് വിദ്യാലയം ഇനിയും വികസിപ്പിക്കേണ്ടതുണ്ട് ഓരോ മേഖലയും സമഗ്ര പ്രവർത്തനത്തിന് വിധേയമാകേണ്ടതുണ്ട് ടീച്ചർ ടെസ്റ്റും ലോക്കൽ ടെക്സ്റ്റ് സമഗ്രമായ രൂപപ്പെടുത്തേണ്ടതുണ്ട് അധ്യാപകന്റെ മാർഗ്ഗനിർദേശങ്ങളാണ് ഇത്തരം പാഠപുസ്തകങ്ങൾ അധ്യാപകൻ ഉണ്ടാവേണ്ട ജനാധിപത്യ ബോധവും സഹിഷ്ണുതയും സാമൂഹിക നീതിയുള്ള വിശ്വാസവും വിദ്യാർത്ഥികളിലേക്ക് പകരുകയാണ് മാസ്റ്റർ പ്ലാൻ ഊന്നൽ നൽകേണ്ടത് പഠിച്ച് വളർന്നുവരുന്ന തോടൊപ്പം സാംസ്കാരികമായും ബുദ്ധിപരമായും വികാസം പ്രാപിച്ച ഒരു സാമൂഹ്യബോധം ഒരു വ്യക്തിയിൽ രൂപപ്പെട്ട് വരേണ്ടതുണ്ട് ജനകീയമല്ലാത്ത ഒന്നും ഇതിൽ പ്രചോദനമാവുകയില്ല കരിക്കുലം മൂന്നെണ്ണം നൽകുന്ന ഓരോ മേഖലയും അധ്യാപകൻ സമഗ്ര വിശകലനം നടത്തി സാംശീകരിക്കേണ്ടതുണ്ട് അതിനുവേണ്ടി അവന്റെ അതിനുവേണ്ടി എന്റെ വിദ്യാലയത്തിലെ ജീവശാസ്ത്ര പഠനത്തിന് വരുത്തേണ്ട പരിഷ്കരണങ്ങളും ഒരുക്കേണ്ട ഭൗതിക സാഹചര്യങ്ങളും അതിൻറെ രൂപരേഖയും ഇതോടൊപ്പം സമർപ്പിക്കുന്നു.

**ഉദ്ദേശങ്ങളും ലക്ഷങ്ങളും**

- കൗതുകം ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക ജീവശാസ്ത്ര പഠനത്തിൻറെ ഒരു പ്രധാന ലക്ഷ്യമാണ്
- ശാസ്ത്രത്തിൻറെ രീതി സഹായകമാവുകയും പ്രയോഗിക്കുകയും ചെയ്യുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുവാനുള്ള കഴിവ് നേടുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലുള്ള മനുഷ്യൻറെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക

➢ ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
➢ വ്യക്തി ശുചിത്വം സാമൂഹ്യ ശുചിത്വം പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യ നേടിയെടുക്കാൻ സഹായിക്കുക.
➢ ശാസ്ത്രനേട്ടത്തിൽ അഭിമാനിക്കുകയും അവ സമൂഹഹിക നന്മകൾക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക
➢ ശാസ്ത്രപഠന മേഖലക്കായി സ്വജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക

**പ്രവർത്തന ക്രമം**

| ലക്ഷ്യം | പദ്ധതി പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|
| ജീവശാസ്ത്ര പഠന നേട്ടങ്ങൾ ആർജ്ജിച്ചതിന് മുന്നറിയിപ്പ് പരിശോധന | 7, 8, 9 ക്ലാസുകളിലെ മുന്നറിയിപ്പ് പരിശോധനയ്ക്കായി പ്രീ ടെസ്റ്റ് അധ്യാപിക തയ്യാറാക്കി ചോദ്യങ്ങൾക്കു ഉത്തരം ചോദ്യപേപ്പറിൽ തന്നെ എഴുതി സ്കോർ കണക്കാക്കി സൂക്ഷിച്ചുവെക്കുന്നു. വാർഷിക പരീക്ഷയുടെ മാർക്ക് 8,9 ക്ലാസുകളിലെ രേഖപ്പെടുത്തി പരീക്ഷയ്ക്ക് മുമ്പായി പഠനം നേട്ടങ്ങളുടെ സി.ഡി.വിഷ്വൽ കാണിക്കുന്നുണ്ട് | ജൂൺ ആദ്യവാരം | 8 ലേക്ക് 7 ലെ പഠന നേട്ടങ്ങൾ പരിശോധിച്ച ചോദ്യങ്ങൾ തയ്യാറാക്കുന്നു 8 ലെയും 9 ലെയും ചോദ്യങ്ങൾ 9 10 ക്ലാസ്സുകൾ കായ് തയ്യാറാക്കേണ്ടതുണ്ട് ക്ലാസുകൾ വിഭജിക്കുന്നത് ഇവരെ ഇടക്കലർത്തി ഇരുത്തുന്നുണ്ട് പഠന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് ഗുണം ചെയ്യും. | എസ് ആർ ജി, പി ടി എ ചോദ്യപേപ്പർ പ്രിൻറ് ചിലവ് 1500 |
| പാഠപുസ്തകത്തിലെ അധ്യായങ്ങൾ പൂർത്തീകരിക്കുമ്പോൾ മൂല്യനിർണയം | ലളിതമായ ചോദ്യങ്ങൾക്കുത്തരം എഴുതി സ്കോർ രേഖപ്പെടുത്തുന്നു പോരായ്മകൾ പരിഹരിക്കുന്നു മനസ്സിലാക്കാത്ത കാര്യങ്ങൾ ആവർത്തിച്ചു ഉറപ്പിക്കുന്നു. | ജൂലായ് ഒന്നാമത്തെയും നാലാമത്തെയും ആഴ്ചയിൽ തുടങ്ങി വർഷാവർഷാവസാനം വരെ | മൂല്യം നിർണയരേഖ കൃത്യമായ രേഖപ്പെടുത്തി സൂക്ഷിക്കുകയും വിലയിരുത്താൻ ഉപയോഗിക്കുകയും ചെയ്യും. | എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ പിടിഎ 500 രൂപ |
| ജീവശാസ്ത്രത്തിന് പ്രത്യേകമായി ലാബിൽ ഇടം ഒരുക്കുക | സ്പോർട്സ് മോഡലുകൾ കുട്ടികൾ നിർമ്മിച്ചും വിലക്കു വാങ്ങിയതും ഹെർബറിയം സ്ലൈഡുകൾ മൈക്രോസ്കോപ്പുകൾ സ്പെസിമിനുകൾ തുടങ്ങിയവ വൃത്തിയാക്കി ലേബൽ ചെയ്തു ചില്ലരമാലയിൽ പ്രദർശിപ്പിക്കണം രാസവസ്തുക്കൾ ആസിഡുകൾ ആൽക്കലുകൾ തുടങ്ങിയത് സുരക്ഷിതമായി വയ്ക്കുക | ജൂൺ ആദ്യവാരം പൂർത്തിയാക്കണം | ലാബ് ദീർഘകാല അടിസ്ഥാനത്തിൽ സൗകര്യപൂർവ്വം ഉപയോഗിക്കുന്നതിനായി നിർമ്മിക്കണം ബേസിൽ ബ്ലാക്ക് ബോർഡ് പ്രൊജക്ടർ ലാപ്ടോപ്പ് മുതലായ വക്രമീകരിക്കണം | |
| സയൻസ് ഡയറി വർക്ക് കാര്യക്ഷമമാക്കണം | പഠന നേട്ടങ്ങളുടെ ഉപകടകങ്ങൾ ബോർഡിൽ കുറയ്ക്കണം നോട്ട് ചെയ്യുന്നുണ്ടോ എന്ന് | വർഷം മുഴുവൻ | കുട്ടികളുടെ സ്വതന്ത്ര പ്രവർത്തനമാണ് ചോദ്യം നൽകുന്നതാണ് | വിഷയ സമിതി |

| | | | | |
|---|---|---|---|---|
| | ഉറപ്പുവരുത്തണം ഹോട്ട്സ്പോർട്ട് രേഖപ്പെടുത്തണം ചിത്രങ്ങൾ വരച്ച് ലേബൽ ചെയ്യണം ഹോംവർക്കുകൾ ജയിക്കണം കൃത്യമായി പരിശോധിക്കണം | | ഉത്തരം എഴുതി വരാൻ പറയുക ചോദ്യങ്ങൾ കണ്ടെത്താൻ ക്ലാസിൽ ആവശ്യപ്പെട്ട് മികച്ചത് സ്വീകരിക്കുന്നത് പഠനം നേട്ടം ഉറപ്പിക്കുവാൻ കൂടുതൽ ഉപകരിക്കും | |
| ശാസ്ത്രമേള പങ്കാളിത്തം ഉൾപ്പെടുത്തുക | ശാസ്ത്രനാടകം കിസ്മത്സരം പ്രബന്ധരചന മോഡൽ വർക്കിംഗ് മോഡൽ പ്രോജക്ട് തുടങ്ങിയ ശാസ്ത്രമേളയുടെ ഇനങ്ങളിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുന്നതിനായി പ്രത്യേക ശില്പശാല സംഘടിപ്പിക്കുക | ജൂലായ് ആദ്യം | ശാസ്ത്രമേളയ്ക്ക് പങ്കെടുക്കാൻ സയൻസ് ക്ലബ്ബ് അംഗങ്ങൾക്ക് പ്രാധാന്യം കൊടുക്കണം ബയോളജി വിങ്ങിൽ മോഡൽ നിർമ്മാണം ശില്പശാല | പിടിഎ എസ് എം സി എസ് ആർ ജി |
| തുടർന്നു മൂല്യനിർണയം പാദവാർഷിക വാർഷികം അർദ്ധ വാർഷികം എന്നിട്ടേമേലും സി ഇ യും | പാദവാർഷിക അർദ്ധ വാർഷിക വാർഷിക പരീക്ഷകൾക്ക് മുമ്പായി തുടർ മൂല്യം നിർണയി റിപ്പോർട്ട് തയ്യാറാക്കുക | വാർഷികം | കൃത്യമായ രേഖപ്പെടുത്തണം ഇടയ്ക്ക് പരിശോധിക്കണം | ക്ലാസ് പിടിഎ എസ് എം സി എസ് ആർ ജി |
| പ്രോജക്ട് പ്രവർത്തനം നടത്തി മികച്ച ഗവേഷകർ ആവുക പഠനം നേട്ടം ഉറപ്പിക്കുക | പ്രോജക്ടിനായി പാഠഭാഗവുമായി ബന്ധപ്പെട്ട പ്രശ്നം ക്ലാസ്സിൽ എലിസിറ്റ് ചെയ്യുക വിഷയം കണ്ടെത്തി സംഘടന ചുമതല ബയോളജി വിങ്ങിന് സമയവും പ്രവർത്തന ക്രമവും ഗ്രൂപ്പ് നേതൃത്വത്തിന്റെ ചുമതലയിൽ പ്ലാൻ ചെയ്ത് പ്രോജക്ട് ഡയറിയിൽ കുറിക്കണം സർവ്വേ ആവശ്യമുണ്ടെങ്കിൽ അമിമുഖം പ്ലാൻ ചെയ്യണം സമയബന്ധിതമായി പൂർത്തിയാക്കണം പുതിയ വസ്തുക്കൾ കണ്ടെത്താൻ ശ്രമിക്കണം മോഡറേറ്റർ സ്വാഗതം പ്രവർത്തകരെ പരിചയപ്പെടുത്തൽ പ്രവർത്തനത്തിന് സഹായിച്ച ഗൈഡ് ഉദ്ഘാടകൻ ആശംസ നന്ദി എന്നീ കാര്യപരിപാടികളുടെ ഘടന ഉണ്ടാവും | മൂന്ന് ആഴ്ച ദിവസം അരമണിക്കൂർ വീതം ഓഫ് മിൽ ചർച്ച | മേൽനോട്ടം സയൻസ് ക്ലബ്ബിന്റെ ബയോളജി വിങ്ങിനായിരിക്കണം പ്രവർത്തനം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം ബയോളജി പ്രത്യേക പരിശീലനം നൽകണം അധ്യാപകൻ നിരന്തരം ബന്ധപ്പെട്ടാൽ മതി നാലു ഗ്രൂപ്പുകളെ ക്ലബ്ബ് ചെയ്ത് രണ്ട് ഗ്രൂപ്പ് ആക്കി അവതരണത്തിന് ഒരുക്കാം 89 10 ക്ലാസ്സുകളിൽ ഏതിന്റെയെങ്കിലും ഒന്നിന് പ്രോജക്ട് പ്രവർത്തനം തരപ്പെടുത്തിയാൽ മതി മികച്ച പ്രോജക്ട് ശാസ്ത്രമേളയ്ക്ക് പരിഗണിക്കാം | പിടിഎ എസ് ആർ ജി എസ് പി ജി എസ് എം സി സയൻസ് ക്ലബ്ബ് ചിലവ് 200 |

| | | | | |
|---|---|---|---|---|
| പ്രാക്ടിക്കൽ | ചെയ്യേണ്ട സമയം കൃത്യമായി ഉറപ്പിക്കണം കുട്ടികളെ ഗ്രൂപ്പ് ആക്കണം ലീഡർക്ക് ചുമതല നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തണം ബയോളജി വിങ്ങിന് സംഘടനാ സഹായം ഉറപ്പാക്കണം തുടർ മൂല്യനിർണയ ടോൾ പ്രയോജനപ്പെടുത്തി വിലയിരുത്തണം | | | |

## സയൻസ് ക്ലബ്ബ് /സയൻസ് ലാബ് /ഐ.ടി കോർണർ എന്നിവ ജീവശാസ്ത്ര പഠനത്തിന്

വിഷയബന്ധിതമായ പഠനത്തിലൂടെ പഠിതാവ് ആർജിക്കേണ്ട അറിവ് ശേഷികൾ മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പഠന നേട്ടങ്ങൾ ജീവശാസ്ത്രത്തിൽ പൂർണ്ണതയിൽ എത്തിക്കാൻ സയൻസ് ക്ലബ്ബ് ഐടി പ്രവർത്തനങ്ങൾ കൂടിയേ തീരൂ.

ശാസ്ത്ര പഠനം പരിസരബന്ധിതമാവുന്നതോടൊപ്പം ലബോറട്ടറി ബന്ധിതവും ആയിരിക്കണം പരീക്ഷണ പ്രവർത്തനങ്ങൾ കുട്ടിയുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം അതിനായി ഇപ്പോഴുള്ള ലബോറട്ടറി വിപുലീകരിക്കണം ലബോറട്ടറി പ്ലാൻ അനുബന്ധമായും ചേർത്തിട്ടുണ്ട് ആസിഡ് ആൽക്കലി മറ്റ് രാസവസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം സുരക്ഷിതമായി രീതിയിൽ നിർമ്മിക്കണം ജില്ലാലമാരകളിൽ മാതൃകകൾ കുട്ടികളുണ്ടാക്കിയതും അല്ലാത്തതും പ്രദർശിപ്പിക്കണം പ്രമുഖ ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ വലിയ ഫ്രെയിമിൽ അലങ്കരിച്ച പ്രദർശിപ്പിക്കണം നല്ല വെളിച്ചവും ശുദ്ധ വായുവും ലഭ്യമാകുന്ന വെന്റിലേഷനുകൾ ഉണ്ടാവണം ഫർണിച്ചറുകൾ ഉറപ്പുള്ള വയ്യായിരിക്കണം ശാസ്ത്ര ലൈബ്രറിക്ക് ചില്ലമാരകളിൽ പുസ്തകങ്ങൾ പ്രദർശിപ്പിക്കണം വായനയ്ക്ക് പ്രോത്സാഹിപ്പിക്കണം അധിക വായനയ്ക്കുള്ള വിഭവങ്ങൾ ലൈബ്രറിയിൽ നൽകാൻ കഴിയണം.

സയൻസ് ക്ലബ്ബ് പ്രവർത്തനം പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വളരെയധികം പ്രയോജനപ്പെടാറുണ്ട് ക്ലാസ്സ് മുറികൾ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങളും മറ്റു വസ്തുക്കളും അവതരിപ്പിക്കുന്നതിനും സെമിനാർ പേപ്പറുകൾ പ്രോജക്ട് റിപ്പോർട്ട് പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിനും ഉള്ള വേദിയായി മാറണം അത് ശാസ്ത്രമേള ലക്ഷ്യമാക്കി കൊണ്ട് മാത്രം പ്രവർത്തിച്ചാൽ പോരാ ജൂൺമാസം തന്നെ പ്രവർത്തനം തുടങ്ങണം ശാസ്ത്ര അധ്യാപകരെയും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള മീറ്റിംഗ് ബോധവൽക്കരണ ക്ലാസ് നടത്തണം വർഷാവസാനം ശാസ്ത്ര പ്രദർശനം നടത്തണം ശാസ്ത്ര ദിനാചരണങ്ങൾ പ്രത്യേക വിഷയമുള്ള വിദഗ്ധ ക്ലാസുകൾ സെമിനാറുകൾ പഠനയാത്രകൾ തുടങ്ങി വിപുലമായ സാധ്യതകൾ സയൻസ് ക്ലബ് ഇന്ത്യയിൽ സജീവമായ പ്രവർത്തനം മൂലം രൂപപ്പെടും

## വിവര സാങ്കേതിക വിദ്യ

സാധ്യതകളുടെയും പ്രയോഗത്തിന്റെയും കാര്യത്തിൽ സർവ്വ വ്യാപ്തിയായി തീർന്നിരിക്കുന്നതാണ് വിവര സാങ്കേതിക വിദ്യ. നിത്യ ജീവിതത്തിൽ ഇത് വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി. വിവരസാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ നമുക്ക് പുതിയ അവബോധം നിർബന്ധമായും ഉണ്ടാവണം.

ഈ വിദ്യയുടെ അടിസ്ഥാനാശയങ്ങൾ പരിചയപ്പെടാനും പ്രതികൂല അവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയാനും അനന്ത സാധ്യതകൾ പൂർണ്ണമായും വിദ്യാർത്ഥികളിലേക്ക് എത്തിച്ചേരുവാനും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യം വെക്കുന്നു.

**അക്കാദമികം**

1. കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയെക്കുറിച്ച് പ്രാഥമികമായും മാറി വരുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ

ഭൗതികം

- ഹാർഡ് വെയർ, ലാബ്, കംമ്പ്യൂട്ടർ, എൽ ഡി സി പ്രൊജക്ടർ തുടങ്ങിയവയുടെ അപര്യാപ്തത

സാമൂഹികം

1. സൈബർ ലോകത്തിലെ ചതിക്കുഴികളിലേക്ക് കുട്ടികൾ വഴിതെറ്റിപ്പോകുന്നു.

| നം | കാരണങ്ങൾ | പരിഹാരം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|---|---|
| | സാങ്കേതിക വിദ്യയുടെ മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ | സെമിനാറുകൾ ഐടി പാർക്ക് സന്ദർശനം | മാസത്തിൽ ഓരോ സെമിനാറുകൾ | ഐടി അധ്യാപകർ | | | പിടിഎ |
| | അധ്യാപകർക്ക് ജേർണലുകൾ ഐടി ഉപകരണങ്ങൾ എന്നിവ ഇല്ലാത്തത് | കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പഠിപ്പിക്കുക | ജേർണലുകൾ ഉപകരണങ്ങൾ എന്നിവ | ഐടി അധ്യാപകർ | ജൂൺ ഡിസംബർ | | |
| | കോഴ്സുകളെ പറ്റിയുള്ള അവബോ | ആനുകാലികമായ വിവരസാങ്കേതിക | അദ്ധ്യായന വർഷാരംഭത്തിൽ ക്ലാസുകളെ പറ്റി | ഐടി അദ്ധ്യാപകർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ധം വ ഇല്ലായ്മ | വിദ്യയിലെ പുരോഗ തി മനസ്സി ലാക്കുന്ന ജേർണലു കൾ ഉപ കരണ ങ്ങൾ എന്നിവ ഉ റപ്പുവരു ത്തുക.<br><br>രക്ഷിതാ ക്കൾക്ക് ക്ലാസു കൾ സം ഘടിപ്പി ക്കുക. | അവബോധം നൽകുന്നു. | | | | |

| ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | | |
|---|---|---|---|---|---|---|
| ക്രമന മ്പർ | പ്രൊജക്ട് | ലക്ഷ്യം | കാലയളവ് | പ്രവർത്തന ങ്ങൾ | പ്രവർത്ത നോപാധി കൾ | ബഡ്ജറ്റ് സാ മ്പത്തിക ശ്രോതസ്സ് |
| 1 | അത്‌ലറ്റിക് | ബി ടി എം ഹയർ സെക്കണ്ടറി സ്കൂ ളിലെ ജൂനിയർ സീനിയർ വിഭാഗ ത്തിൽ സ്റ്റേറ്റ് നാ ഷണൽ ലെവലിൽ കുട്ടികളെ എ ത്തിക്കുക കായിക സംസ്കാരം രൂപ പ്പെടുത്തുക. | 5 വർഷം | അക്കാദമി രൂപീകരണം പ്രവർത്തന ങ്ങൾ അത്‌ല റ്റുകളെ ക ണ്ടെത്തൽ പ രിശീലനം മ ത്സര പരിപാ ടി സംഘടി പ്പിക്കൽ പ ങ്കെടുപ്പി ക്കൽ | ഗ്രൗണ്ട് ജം പിങ്ങ് ബെ ഡ് മറ്റ് ഉപക രണങ്ങൾ | 15 ലക്ഷം മാ നേജ്മെന്റ് സ്പോർട്സ് അക്കാദമി സന്നദ്ധ സം ഘടനകൾ ജില്ലാ പ ഞ്ചായത്ത് കായിക വ കുപ്പ് |
| | വോളി ബോൾ | ബി ടി എം ഹയർ സെക്കണ്ടറി സ്കൂ ളിലെ ജൂനിയർ സീനിയർ വിഭാഗ ത്തിൽ സ്റ്റേറ്റ് നാഷ ണൽ ലെവലിൽ കുട്ടികളെ എ ത്തിക്കുക കായിക സംസ്കാരം രൂപ പ്പെടുത്തുക. | 5 വർഷം | അക്കാദമിക രൂപീകരണം കളിക്കാരെ കണ്ടെത്തൽ പരിശീലനം മത്സര പരി പാടി സംഘ ടിപ്പിക്കൽ മ ത്സരത്തിൽ പങ്കെടുപ്പി ക്കൽ | വോളി ബോൾ നെറ്റ്, പോസ് റ്റ് മറ്റ് ഉപക രണങ്ങൾ | തുക 75000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | കബഡി | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ സീനിയർ വിഭാഗത്തിൽ സ്റ്റേറ്റ് നാഷണൽ ലെവലിൽ കുട്ടികളെ എത്തിക്കുക കായിക സംസ്കാരം രൂപപ്പെടുത്തുക. | 5 വർഷം | അക്കാദമിക രൂപീകരണം പ്രചരണ പ്രവർത്തനങ്ങൾ കളിക്കാരെ കണ്ടെത്തൽപരിശീലനം മത്സര പരിപാടി സംഘടിപ്പിക്കൽ മത്സരത്തിൽ പങ്കെടുപ്പിക്കൽ. | കുമ്മായം അളവ് ടേപ്പ് | തുക 50000 രൂപ |
| | ഷട്ടിൽബാഡ്മിന്റൻ | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ സീനിയർ വിഭാഗത്തിൽ സ്റ്റേറ്റ് നാഷണൽ ലെവലിൽ കുട്ടികളെ എത്തിക്കുക കായിക സംസ്കാരം രൂപപ്പെടുത്തുക | 5 വർഷം | അക്കാദമിക രൂപീകരണം പ്രചരണ പ്രവർത്തനങ്ങൾ കളിക്കാരെ കണ്ടെത്തൽപരിശീലനം മത്സര പരിപാടി സംഘടിപ്പിക്കൽ മത്സരത്തിൽ പങ്കെടുപ്പിക്കൽ. | ഇൻഡോർ സ്റ്റേഡിയെ നെറ്റ് പോസ്റ്റ് കോക്ക് റാക്കറ്റ് മറ്റ് ഉപകരണങ്ങൾ | 8 ലക്ഷം രൂപ |
| | ഫുഡ് ബോൾ | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികളുടെ ആരോഗ്യ സംരക്ഷണം | 5 വർഷം | അക്കാദമിക രൂപീകരണം പ്രചരണ പ്രവർത്തനങ്ങൾ കളിക്കാരെ കണ്ടെത്തൽപരിശീലനം മത്സര പരിപാടി സംഘടിപ്പിക്കൽ മത്സരത്തിൽ പങ്കെടുപ്പിക്കൽ. | ഫുട്ബോൾ ഗോൾ പോസ്റ്റ് നെറ്റ് മറ്റ് ഉപകരണങ്ങൾ | ഒരു ലക്ഷം രൂപ |
| | യോഗ | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ സീനിയർ വിഭാഗത്തിൽ സ്റ്റേറ്റ് നാഷണൽ ലെവലിൽ കുട്ടികളെ എത്തിക്കുക കായിക | 5 വർഷം | യോഗാ പരിശീലനം | ഇന്റോർ സ്റ്റേഡിയം | 50000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | സംസ്കാരം രൂപ പ്പെടുത്തുക. | | | | |
| | ബാസ്കറ്റ് ബോൾ | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ സീനിയർ വിഭാഗത്തിൽ സ്റ്റേറ്റ് നാഷണൽ ലെവലിൽ കുട്ടികളെ എത്തിക്കുക കായിക സംസ്കാരം രൂപ പ്പെടുത്തുക. | 5 വർഷം | സ്പോർട് സ്ക്ലബ് രൂപീകരണ പ്രവർത്ത നങ്ങൾ കളിക്കാരെ കണ്ടെത്തൽ പരിശീലനം മത്സര പരിപാടി സംഘടിപ്പിക്കൽ മത്സരത്തിൽ പങ്കെടുപ്പിക്കൽ. | ബാസ്കറ്റ് ബോൾ കോർട്ട്, ബാസ്കറ്റ് ബോൾ | 3 ലക്ഷം രൂപ |
| | ആരോഗ്യ കായിക വിദ്യാഭ്യാസം | ബി ടി എം ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികളുടെ ആരോഗ്യ സംരക്ഷണം | 5 വർഷം | പരിശീലനം | ഇന്റോർ സ്റ്റേഡിയം | 50000 രൂപ |

# കലാ സാംസ്കാരികം

വിദ്യാർത്ഥിയുടെ മാനസികവും സാംസ്കാരികവുമായ വളർച്ചയിൽ കലാ വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ് കലകൾക്ക് മാനവ സംസ്കാരത്തോളം പഴക്കമുണ്ട്. സുകുമാര കലകളെ കുറിച്ചുള്ള ധാരണ നേടുകയും അവയെയൊക്കെ അനുഭവിച്ചറിലും ചെയ്യാൻ സാധിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടെങ്കിൽ മറ്റെന്തിനേക്കാളും കലയിലൂടെ നന്മയിലേക്കും മാനവികതയിലേക്കും എളുപ്പമെത്താൻ സാധിക്കും കലാപഠനം മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കും എന്ന തിരിച്ചറിവ് പൊതുവിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പഠനപ്രക്രിയയിൽ പാഠ്യേതര വിഷയമായി സംഗീതത്തെയും മറ്റു കലകളെയും ഉൾക്കൊള്ളിക്കുന്ന രീതിയിൽ മാറ്റം വരാത്തെടു ത്തോളം കലാ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം കൃത്യമായ രീതിയിൽ നടപ്പിലാകുകയില്ല.

സാംസ്കാരിക രംഗത്തെ വളർച്ചയും പാരമ്പര്യത്തിന്റെ തുടർച്ചയും ഉറപ്പാക്കുവാൻ കൃത്യതയുള്ള കലാപഠന സാഹചര്യമുണ്ടാകേണ്ടിയിരിക്കുന്നു സംഗീതം എന്ന വിശാലമായ സാധ്യതയിലൂടെ കുട്ടികളുടെ മാനസിക സാമൂഹിക വളർച്ച ഉയർത്തിക്കൊണ്ടുവരാനും മറ്റു കലകളെ കുറിച്ച് പൊതുവായ ബോധം എത്തിക്കുവാനുമുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. നിലവിലെ സാഹചര്യങ്ങളിൽ വലിയ തോതിൽ മാറ്റം വരാത്തെടുത്തോളം മികച്ച രീതിയിലുള്ള കലാപ പഠനത്തിനുള്ള സാധ്യത കുട്ടികൾക്ക് നഷ്ടപ്പെടുകയാണ്.

ഉദ്ദേശലക്ഷ്യങ്ങൾ

- കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തുക പ്രോത്സാഹിപ്പിക്കുക
- കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് ഉണ്ടാക്കുക.
- കുട്ടികളുടെ സർഗ്ഗശേഷി വളർത്താനുള്ള അവസരങ്ങൾ ഉണ്ടാക്കുക.
- കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുവാനുള്ള ഭൗതികസൗകര്യം ഒരുക്കുക.
- സംഗീതവും മറ്റു കലകളും അറിയുവാനും മനസ്സിലാക്കാനും ഉള്ള ശബ്ദ ദൃശ്യസാങ്കേതിക ഉപകരണങ്ങൾ കുട്ടികൾക്ക് വേണ്ട വിധത്തിൽ ലഭിക്കുവാൻ ഉള്ള ഇടപെടലുകൾ.
- സംഗീത ഉപകരണങ്ങൾ ആവശ്യത്തിനു സ്കൂളിൽ ലഭ്യമാക്കുക.
- ക്ലബ്ബ് രൂപീകരണം ലരേ,

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| | ശബ്ദ സാങ്കേതിക സംവിധാനത്തോടുകൂടിയുള്ള സംഗീത പഠന സ്റ്റുഡിയോ മുറി നിർമ്മാണം | ഒരു ക്ലാസ് മുറിയുടെ വലിപ്പത്തിലുള്ള സൗണ്ട് ഓഫ് ചെയ്ത മുറി നിർമിക്കുക സംഗീത ഉപകരണങ്ങളും മറ്റു സൂക്ഷിക്കുവാനുള്ള അറകളോടുകൂടിയതും വൈദ്യുതീകരണം നടത്തിയതുമായ രീതിയിൽ പണിപൂർത്തീകരിക്കുക സ്റ്റുഡിയോ സംവിധാനങ്ങൾ ഘടിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക | 2 വർഷം | സൗണ്ട് പ്രശ്നങ്ങളും ഉപകരണങ്ങൾ സംഗീത ഉപകരണങ്ങൾ സ്റ്റുഡിയോ ഉപകരണങ്ങൾ മുതലായവ ബ്രാൻഡഡ് കമ്പനികളുടെ ഗുണനിലവാരം കൂടിയ ഉൽപ്പന്നങ്ങൾ | ടഞഏ ജഠഅ 2,00,000/ |

| | | | | | |
|---|---|---|---|---|---|
| | | | | ആയിരിക്കണം | |
| | സംഗീത ഉപകരണങ്ങൾ ആവശ്യത്തിനു ലഭ്യമാക്കാനുള്ള പ്രവർത്തനം | ആവശ്യമായ ഇന്ദ്രി തുകൽ കാപ്പ് വാദ്യങ്ങൾ വാങ്ങുക | 2 മാസം | ശ്രുതി പെട്ടി, ഗല്യയീമ്യറ റിഡം പാഡ് ലരേ | ടഞഏ ജഠഅ 50,000 |
| | സംഗീത വേദി രൂപീകരണം | സംഗീതവുമായി കൂടുതൽ താല്പര്യ മുള്ള ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന രീതിയിൽ ക്ലബ്ബ് രൂപീകരിക്കൽ മാസിക വിവിധ പരിപാടികൾ ചർച്ചകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ | 2 മാസം | കലാമാസിക നിർമ്മാണം കുട്ടികൾ സ്വയം രചനകൾ ഉൾപ്പെടുത്തി കൊണ്ടുവരണം വിവിധ സംഗീത പരിപാടികൾ കുട്ടികൾ അവതരിപ്പിക്കുക ആവശ്യമായ സൗകര്യം ഒരുക്കുക | ടഞഏ ജഠഅ 15000 |
| | വിവിധ ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും | ചലച്ചിത്ര ക്ലബ്ബ് ആണ് പ്രധാനമായും മുന്നോട്ട് വയ്ക്കുന്നതിന് മികച്ച ലോക സിനിമകളെയും ഡോക്യുമെന്റുകളുടെയും ശേഖരണം സിനിമ ചർച്ചകൾ മുതലായവ | രണ്ട് മാസം | സിനിമ കാണിക്കുവാനുള്ള പ്രൊജക്ടറും സ്മാർട്ട് ക്ലാസ്സ് റൂം മതി സൗകര്യം വേണം | ടഞഏ ജഠഅ 5000 |
| | നാടകവേദി | അഭിനയ താല്പര്യമുള്ള വിദ്യാർത്ഥികളെയും മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിക്കുന്ന രീതിയിൽ നാടക കളരി ഉണ്ടാക്കൽ വിവിധ വിഷയവുമായി ബന്ധപ്പെട്ട കുട്ടികളുടെ മനോധർമ്മത്തിലുള്ള അഭിനയ സാധ്യത നാടക പ്രവർത്തകരുമായി ഒത്തുചേർന്ന വിവിധ നാടക ക്ലാസുകൾ നടക്കൽ കുട്ടികളിലെ സഭാകമ്പം കുറയ്ക്കുവാൻ ഏറ്റവും സഹായം ആകുന്നത് | രണ്ടുമാസം | വേഷങ്ങൾ മറ്റു ഉപകരണങ്ങൾ ലഭ്യമാക്കുക മികച്ച നാടക പ്രവർത്തകരെ കൊണ്ടുവരികയും സാധ്യതയൊരുക്കുകയും ചെയ്യുക | |

| | | | | | |
|---|---|---|---|---|---|
| | സ്കൂൾ റേഡിയോ സംവിധാനം രൂപപ്പെടുത്തൽ | കുട്ടികളുടെ പരിപാടികൾ അറിയിപ്പുകൾ എന്നിവ എല്ലാവരിലും എത്തിക്കാൻ ശബ്ദ സാങ്കേതികവിദ്യയിൽ കുട്ടികൾക്ക് അറിവ് പകർന്നു നൽകുക ഇതിനാവശ്യമായ റേഡിയോ സ്റ്റേഷൻ നിർമ്മിക്കൽ ശബ്ദ സംവിധാനം ഒരുക്കൽ | രണ്ടുവർഷം | എല്ലാ ക്ലാസ്സുകളിലും സൗണ്ട് സിസ്റ്റം | |
| | ചിത്രരചനാവേദി | കുട്ടികൾക്ക് ചിത്രം വരയ്ക്കാനും പരിചയപ്പെടാനും ആർട്ട് ഗ്യാലറി നിർമ്മാണം ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | | കുട്ടികളുടെ പൊതു സമൂഹം അറിയുന്ന രീതിയിൽ വലിയ രീതിയിൽ നടത്തണം | |

# വാർഷിക ആസൂത്രണം

അധ്യായനത്തിനും ക്ലബ്ബ് പ്രവർത്തനങ്ങളും പഠന നേട്ടങ്ങൾ യൂണിറ്റ് ഫ്രെയിം മോഡ്യൂളുകൾ എന്നീ ടൂളുകൾ ഉപയോഗപ്പെടുത്തി ക്രമീകരണം. ആവശ്യമായ സമയം എടുത്തു കൊണ്ട് പ്രവർത്തനം ലഘുകരിക്കുവാനുള്ള കഴിവാണ് ഇവിടെ പ്രയോജനപ്പെടുത്തേണ്ടത് ടീച്ചർ ടെക്സ്റ്റിൽ ഇതിന് ആവശ്യമായ ഫ്രെയിം കിടപ്പുണ്ട് അത് പാഠപുസ്തകവുമായി ബന്ധിപ്പിച്ച് സമഗ്രമായി എഴുതി തയ്യാറാക്കണം തുടർ പ്രവർത്തനങ്ങൾ അതാത് പാഠഭാഗവുമായി ചേർത്ത് അവതരിപ്പിക്കണം അവസാനത്തേക്കു മാറ്റിവയ്ക്കരുത് ഐസിടി സാധ്യതകൾ ഏതൊക്കെ ഉൾപ്പെടുത്താമെന്ന് ടീച്ചർ ടെക്സ്റ്റിൽ സൂചിപ്പിച്ചിട്ടുണ്ട് കൂട്ടിച്ചേർത്ത് രേഖപ്പെടുത്തണം ഏതൊരു പ്രവർത്തനവും എത്ര ലളിതമായാലും വിലയിരുത്തലിന് വിധേയമാക്കി മുന്നോട്ടു പോകേണ്ടതുണ്ട് പഠനം നേട്ടങ്ങളിലൂടെ കുട്ടിയിലുണ്ടാകേണ്ട ശേഷി ശേഷികൾ നേടിയിട്ടുണ്ടോ എന്ന് അറിയുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം നിരന്തര വിലയിരുത്തലിന് സഹായകമായ വർക്ക് സീറ്റുകളും സ്വയം വിലയിരുത്തിൽ പരസ്പര വിലയിരുത്തത്തിൽ ഉപാധികൾ എന്നിവ നമ്മൾ തയ്യാറാക്കി വെക്കണം നിർണയ സൂചകങ്ങൾ ലളിതമായ രീതിയിൽ തയ്യാറാക്കിയാൽ മതി

പഠ സൂത്രനും സമയ ക്രമീകരണം നടത്തി ലളിതമായി ചെയ്തു ഉറപ്പിക്കണം സമയനഷ്ടം വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നം ഇതുവഴി പരിഹരിക്കാൻ കഴിയും പഠനം നേട്ടങ്ങൾ അത് വിനിമയം ചെയ്യാൻ ആവശ്യമായ പ്രവർത്തനങ്ങൾ പിന്നോക്ക പരിഗണനയോടെ ചിന്തിച്ചു പ്ലാൻ ചെയ്യണം

## പ്രവർത്തന കലണ്ടർ

| ജൂൺ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | പ്രീ ടെസ്റ്റ് | ഭാഷാ ക്ലബ്ബുകൾ |
| | ലോക പരിസ്ഥിതി ദിനം | പരിസ്ഥിതി ക്ലബ്ബ് |
| | പ്രീ ടെസ്റ്റ് ഫല വിശകലനം | എസ് ആർ ജി |
| | ബോധവൽക്കരണ ക്ലാസ് രക്ഷിതാക്കൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | മലയാളത്തിളക്കം ഉദ്ഘാടനം | വിഷയ സമിതി |
| | വായനാദിനം | വിദ്യാരംഗം |
| | ലോക മയക്കുമരുന്ന് വിരുദ്ധ ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | സ്കൂളിലെ തിരഞ്ഞെടുപ്പ് | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ജൂലൈ | മാഡം ക്യൂറി ചരമദിനം | സയൻസ് ക്ലബ്ബ് |
| | വൈക്കം മുഹമ്മദ് ബഷീർ ചരമദിനം | വിഷയ സമിതി |
| | ലോക ജനസംഖ്യ ദിനം | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| | ചാന്ദ്രദിനം | ശാസ്ത്ര ക്ലബ്ബ് /പരിസ്ഥിതി ക്ലബ്ബ് |
| | ഗ്രിഗർ മെന്റൽ ജന്മദിനം | ശാസ്ത്ര ക്ലബ്ബ് |
| | രാമായണ ദിനം | സംസ്കൃതം ക്ലബ്ബ് |
| | ജോൺ സാൾട്ടൺ ജന്മദിനം | സയൻസ് ക്ലബ്ബ് |
| ആഗസ്റ്റ് | മലയാളത്തിളക്കം മൂല്യനിർണയം | വിദ്യാരംഗം |
| | റിപ്പോർട്ട് പ്രഖ്യാപനം (മലയാളത്തിളക്കം) | വിദ്യാരംഗം |
| | ഹിരോഷിമ ദിനം | സോഷ്യൽ സയൻസ് |
| | നാഗസാക്കി ദിനം | സോഷ്യൽ സയൻസ് |
| | സ്വാതന്ത്ര്യ ദിനം | സാമൂഹ്യ ശാസ്ത്രം |
| | ചിങ്ങം 1 കർഷക ദിനം | കാർഷിക ക്ലബ്ബ് |
| | ലോക കൊതുകുദിനം | ശാസ്ത്ര ക്ലബ്ബ് |
| | ലോക നാട്ടറിവുദിനം | മലയാളം ക്ലബ്ബ് |
| | മദർ തെരേസ ജന്മദിനം | സാമൂഹ്യ ശാസ്ത്രം |
| | ഓണാഘോഷം | സമൂഹശാസ്ത്രം |
| | ഓണപ്പതിപ്പ് പ്രകാശനം | വിഷയ സമിതി |

| | | |
|---|---|---|
| | അധ്യാപകദിനം | വിഷയ സമിതി |
| | ലോക സാക്ഷരതാ ദിനം | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| | ഗുരുവിനെ അറിയാൻ പതിപ്പ് നിർമ്മാണം | സാമൂഹ്യശാസ്ത്രം |
| | ദേശീയ ഹിന്ദി ദിനം | ഹിന്ദി ക്ലബ് |
| | ലോകസമാധാന ദിനം | സാമൂഹ്യശാസ്ത്രം ക്ലബ്ബ് |
| | കായിക മത്സരം | സ്പോർട്സ് ക്ലബ്ബ് |
| | ലൂയി പാസ്റ്റർ ദിനം | ശാസ്ത്ര ക്ലബ്ബ് |
| | ലോക വൃദ്ധ ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | ഗാന്ധിജയന്തി | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | സ്കൂൾ തല ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയമേള | സയൻസ് ക്ലബ്ബ് |
| | ലോക തപാൽ ദിനം | വിഷയ സമിതി |
| | വള്ളത്തോൾ ജന്മദിനം | മലയാളം ക്ലബ്ബ് |
| | വയലാർ ചരമദിനം | വിദ്യാരംഗം |
| | സ്കൂൾ കലാമേള | ആർട്സ് ക്ലബ് |
| | കേരളപ്പിറവി ദിനം മലയാളത്തെ അറിയാം | മലയാളം ക്ലബ് |
| | സി വി രാമൻ ജന്മദിനം | സയൻസ് ക്ലബ് |
| | സാഹിത്യ ശില്പശാല കഥാ രചന കവിതാരചന | മലയാളം ക്ലബ്ബ് |
| | ശിശുദിനം ചാച്ചാജിയോട് സംവദിക്കാം | സോഷ്യൽ സയൻസ് |
| | ലോക മാതൃദിനം അമ്മയ്ക്കൊരു താ് | സോഷ്യൽ സയൻസ് |
| | വൈലോപ്പിള്ളി ചരമദിനം | വിദ്യാരംഗം |
| | കവിതകൾ ചൊല്ലാം | വിദ്യാരംഗം |
| | ഇംഗ്ലീഷ് ഫസ്റ്റ് സ്കൂൾതലം | ഇംഗ്ലീഷ് ക്ലബ് |
| | മാസിക (കേരളപ്പിറവി) മാസിക പ്രകാശനം | മലയാളം ക്ലബ് |
| ഡിസംബർ | എയ്ഡ്സ് ഡേ ബോധവൽക്കരണ ക്ലാസ് തലം (യു.പി) | ശാസ്ത്ര ക്ലബ് |
| | അംബ്ദേക്കർ ദിനം ഭരണഘടനയെ അറിയാം | സോഷ്യൽ സയൻസ് |
| | മനുഷ്യാവകാശ സംരക്ഷണം മനുഷ്യാവകാശം ചുമർപത്രികൾ | സോഷ്യൽ സയൻസ് |
| | ശ്രീനിവാസ രാമാനുജൻ ജന്മദിനം രാമാനുജന്റെ ജീവിതത്തിലൂടെ | സയൻസ് ക്ലബ് |
| | ആശംസ കാർഡുകൾ നിർമ്മാണം | വിഷയ സമിതി |
| | ആശംസ കാർഡ് പ്രദർശനം | വിഷയ സമിതി |
| | പുതുവത്സര ദിനം | ക്ലാസ് ടീച്ചർസ് |
| | ഒ ചന്തുമേനോൻ ജന്മദിനം | മലയാളം ക്ലബ് |
| | കുമാരനാശാൻ ജന്മദിനം | മലയാളം ക്ലബ്ബ് |
| | റിപ്പബ്ലിക് ദിനം | സോഷ്യൽ സയൻസ് |
| | തിക്കോടിയൻ ചരമദിനം | മലയാളം വിദ്യാരംഗം |
| | രക്തസാക്ഷി ദിനം | സോഷ്യൽ സയൻസ് |
| | മലയാളം ക്ലബ്ബ് | |
| | ജി ശങ്കരക്കുറുപ്പ് ചരമദിനം | മലയാളം ക്ലബ്ബ് |
| | ലോക തണ്ണീർത്തട ദിനം | സയൻസ് ക്ലബ്ബ് |
| | ഹെർമൻ ഗുണ്ടത് ജന്മദിനം | സോഷ്യൽ സയൻസ് |
| | സ്കൗട്ട് ദിനം | സ്കൗട്ട് |
| | സ്കൂൾ മാഗസിനുകൾ പ്രദർശനം | വിദ്യാരംഗം |
| | ദേശീയ ശാസ്ത്ര ദിനം | ശാസ്ത്ര ക്ലബ്ബ് |
| | ഐൻസ്റ്റീൻ ജന്മദിനം | ശാസ്ത്രക്ലബ് |
| | വന വൽക്കരണ ദിനം | പരിസ്ഥിതി ക്ലബ് |
| | കാലാവസ്ഥ ദിനം | പരിസ്ഥിതി ക്ലബ് |

**ക്ലബ്ബ് പ്രവർത്തനങ്ങൾ**
**സയൻസ് ക്ലബ്**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ (സാമ്പത്തികം) |
|---|---|---|---|---|
| കുട്ടികളിൽ കൊളാശാസ്ത്ര ബിരു വളർത്തുവാൻ ഭൗതികശാസ്ത്രം ജീവശാസ്ത്രം ക്ലബ്ബുകളുടെ കൂട്ടായ പ്രവർത്തനം | പഠനോപകരണ നിർമ്മാണ ശില്പശാല ബോധവൽക്കരണത്തിന് ആയുള്ള ക്ലാസുകൾ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുക പ്രോജക്ട് റിപ്പോർട്ട് അവതരണം പരീക്ഷണങ്ങൾ ശാസ്ത്രപ്രദർശനം ദിനാചരണങ്ങൾ | ജൂൺ മാസം ആരംഭിച്ച മാർച്ച് അവസാനം വരെ | ബോധവൽക്കരണ ക്ലാസുകൾ ജൂൺ മാസം തന്നെ നടത്തണ നിർമ്മാണ ശില്പശാല ആഗസ്റ്റ് മാസം സെമിനാർ പേപ്പറുകൾ സെപ്റ്റംബർ മാസങ്ങളിലും പ്രോജക്ട് പ്രവർത്തനങ്ങൾ ജൂലൈ മാസത്തിലും പരീക്ഷണങ്ങൾ പഠന വിഭാഗ വിനിമയ സമയങ്ങളിലും ചെയ്യാവുന്നതാണ് | |
| ശാസ്ത്ര ക്ലബ്ബിന്റെ സംഘാടനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് | ശാസ്ത്ര വിഷയങ്ങൾക്ക് വേണ്ടി അംഗങ്ങളുടെ അംഗങ്ങളെ തിരഞ്ഞെടുക്കുക എസ് ആർ ജി നേതൃത്വത്തിൽ ചെയ്യുകയോ ആണ് ഉചിതം ഓരോ ക്ലബ്ബിൽ നിന്നും ഒരു കുട്ടിയെ എന്ന് തോതിൽ ഓരോ വിഷയത്തിനും വേണ്ടി ചുമതല നൽകണം കുട്ടികൾ ചേർന്ന് സംഘമാണ് ക്ലബ്ബ് പ്രവർത്തിക് ക്ലബ്ബിൽ പ്രവർത്തിക്കുന്നത് പ്രവർത്തനങ്ങൾ ശില്പശാലയിൽ ബോധ്യപ്പെടുത്തണം | ജൂൺ മുതൽ ആഗസ്റ്റ് രണ്ടാം വാരം | ദിനാചരണങ്ങളിൽ അതാത് ദിവസങ്ങളിലായി സയൻസ് വിഷയങ്ങളിൽ കൂടുതൽ മാർക്ക് നേടിയ നന്നായി പ്രവർത്തിക്കുവാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തണം പുറമേ നിന്ന് വിവിധ ആയവരെ ശിൽപ്പശാലയിൽ എടുക്കുവാൻ ക്ഷണിക്കുന്നത് നന്നായിരിക്കും രക്ഷിതാക്കളുടെ പ്രതിനിധിയായ ശില്പശാലയിൽ ക്ഷണിക്കാവുന്നതാണ് 9 എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ മൂന്നുപേർ പത്തിൽ നിന്നും ആറു പേര് 9 ൽ നിന്നും | |

| | | | | |
|---|---|---|---|---|
| പഠനയാത്ര ശാസ്ത്ര പഠനത്തിന് | ഉത്തമ ലക്ഷ്യത്തോടെ പഠനയാത്രകൾ പ്ലാൻ ചെയ്യണം | സെപ്റ്റംബർ മാസം | യാത്രയുടെ ദൂരം പരിമിതപ്പെടുത്തുന്ന ഏകദിന യാത്രകളായി ചെയ്യുന്നതാണ് നല്ലത് | പി ടി എ ചെലവ് വഹിക്കണം |
| വീട്ടിലെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രങ്ങളെ കുറിച്ച് ധാരണ ഉണ്ടാക്കൽ | വീട്ടിൽ നാം ഉപയോഗിക്കുന്ന മിക്സി ഫാൻ ഫ്രിഡ്ജ് വാഷിംഗ് മെഷീൻ അയൺ ബോക ്സ് ടിവി റേഡിയോ മൊബൈൽ കമ്പ്യൂട്ടർ മോട്ടോർ പമ്പ് സൈക്കിൾ ബൈക്ക് ക്ലോക്ക് വയറിങ് തുടങ്ങിയ നാം ഉപയോഗിക്കുന്ന പേന വരെയുള്ള ഉപകരണങ്ങളെ കുറിച്ച് പ്രത്യേകമായ ക്ലാസുകൾ ഫിസിക്സ് കെമിസ്ട്രി വിങ്ങിലുള്ള കുട്ടികൾക്ക് പരിശീലനം നൽകി അവരെക്കൊണ്ട് മറ്റു കുട്ടികൾക്ക് ക്ലാസ് നടക്കുന്നു | ഓഗസ്റ്റ്<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ മാസങ്ങളിൽ ജനുവരി മാസങ്ങളിൽ | പ്രവർത്തന വസ്തുക്കൾ ആക്കി വിവിധ ഘട്ടങ്ങളിലായി ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ് സൗകര്യം ക്ലാസ്സ് എടുക്കുന്ന അംഗത്തിന് ഇതൊരു സൗകര്യമായി മാറും | |
| ലളിത മായ പരീക്ഷണങ്ങൾ വഴി പഠന നേട്ടങ്ങൾ ആഴത്തിൽ ഉറപ്പിക്കുന്നത് | രസതന്ത്രത്തിലെയും ഊർജ്ജതന്ത്രത്തിലെയും ജീവശാസ്ത്രത്തിലെയും പരീക്ഷണങ്ങൾ പാഠഭാഗ വിനിമയ സമയത്ത് സൗകര്യപൂർവ്വം ചെയ്യാം | ഫെബ്രുവരി | പരീക്ഷണങ്ങളെ പറ്റി ക്ലബ് അംഗങ്ങൾക്ക് മുൻധാരണയുണ്ടാകണം പ്രവർത്തനത്തിന് അവരുടെ പങ്കും പ്രധാനമായി കാണാം | |
| ആഹാരം ആരോഗ്യം ജീവിതശൈലി തുടങ്ങിയവയിൽ ശാസ്ത്രീയ അപബോധം | ഹെൽത്ത് ക്ലബ്ബിന്റെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ ഡോക്യുമെന്ററികൾ ചിത്രപ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക | ജൂലൈ | ആദ്യം ക്ലബ് അംഗങ്ങൾക്കും തുടർന്ന് അവരെ ഉപയോഗിച്ച് അസംബ്ലികളിലും പ്രിയ തുടരാവുന്നതാണ് രക്ഷകർത്താക്കളെയും ആദ്യഘട്ടത്തിൽ പങ്കെടുപ്പിക്കാവുന്നതാണ് | |
| | | | | |

# പരിസ്ഥിതി ക്ലബ്ബ്

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| | വിദ്യാർത്ഥികളിൽ നിന്നും പരിസ്ഥിതി സൗഹൃദ സമീപനം വളർത്തിയെടുക്കുക | ജൂൺ 5ന് പരിസ്ഥിതി ദിനാഘോഷം വിപുലമായ പരിപാടികളുടെ ആഘോഷിക്കുന്നു വൃക്ഷത്തൈ വിതരണം കഴിഞ്ഞവർഷം നട്ടുപിടിച്ച വൃക്ഷ തൈ കളെ പറ്റിയുള്ള അവലോകനം അവാർഡ് പരിസ്ഥിതി ക്വിസ് മത്സരം സമ്മാനവിതരണവും | ജൂൺ 5 | ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നത് ഗുണകരമാവും പരിസ്ഥിതി മലിനീകരണത്തിന്റെ ദുരന്തം ചിത്രീകരിക്കുന്ന ഡോക്യുമെന്ററി പ്രദർശനം പക്ഷി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന ചിത്രപ്രദർശനം കൊളാഷ് നിർമ്മാണം തുടങ്ങിയ ഒട്ടേറെ പക്ഷി പരിപാടികൾ സംഘടിപ്പിക്കുവാൻ കഴിയും | |
| | ദിനാചരണങ്ങളിലൂടെ സഹജീവി സ്നേഹം സൗഹൃദ മനോഭാവം ശുചിത്വബോധം തുടങ്ങിയ കഴിവുകൾ വളർത്തിയെടുക്കുക | വന്യജീവിദിനം ജലദിനം സേവനവാരം ലോക ഭക്ഷദിനം വനദിനം ചാന്ദ്രദിനം തുടങ്ങിയ ദിനാചരണങ്ങൾ ക്ലബ് പ്രവർത്തകരെ ചുമതല നൽകി ആചരിക്കുവാൻ പ്രേരിപ്പിക്കണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ദിവസം | ഓരോ ദിവസവും ചാറ്റ് ചെയ്ത് വ്യത്യസ്ത ഗ്രൂപ്പുകൾക്ക് ചുമതല ഏൽപ്പിക്കണം ഗ്രൂപ്പുകളുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം | |

## ഭിന്നശേഷിക്ക് കൈത്താങ്ങ്

**പ്രശ്നം: പഠനോപകരണങ്ങളുടെ ലഭ്യത കുറവ്**

**പ്രവർത്തനം ഉപകരണങ്ങൾ ലഭ്യമാക്കൽ**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അനുരൂപീകരിച്ച പാഠ്യപദ്ധതി തയ്യാറാക്കി ആവശ്യമായ ആകർഷകമായ പഠനോപകരണങ്ങൾ ലഭ്യമാക്കൽ ലാപ്ടോപ്പ്, മാംഗ്നി ഫ്രെയിം ഗ്ലാസ് സൗണ്ട് റിക്കോർഡർ | | | 50,000 | |

ക്ലാസ് റൂമിൽ പ്രശ്നങ്ങൾ കണ്ടെത്തി ആവശ്യമായ ഇടപെടൽ നടത്തുന്നതിന് അവസരം

| | | | | |
|---|---|---|---|---|
| ശാസ്ത്രീയമായ സ്ക്രീനിംഗ് വിദ്യാലയങ്ങളിൽ നടത്തുന്നില്ല കുട്ടികളുടെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കാൻ പിന്തുണ ആവശ്യമായ മേഖലകളിലേക്കുള്ള | | | | |

പ്രശ്നങ്ങൾ

- ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യത കുറവ്
- ക്ലാസ് റൂമിൽ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും അവസരം ലഭിക്കുന്നില്ല.
- പ്രശ്നങ്ങൾ നേരത്തെ കണ്ടെത്താനുള്ള അവസരം ലഭിക്കുന്നില്ല

അക്കാദമികം

- പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങളുടെ ലഭ്യത കുറവ്, കാഴ്ച വൈകല്യമുള്ളവർക്ക് റെക്കോർഡിങ് ഉപകരണങ്ങൾ ലാപ്ടോപ്പ്, മാംഗ്നി ഫ്രെയിം ഗ്ലാസ് എന്നിവ ഭിന്നശേഷിക്കാരുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

**ഭൗതികം സൗണ്ട് പ്രൂഫ് റൂംസ് ഇലക്ട്രിക് റൂംസ്**

**സാമൂഹികം**

ഭിന്നശേഷിയുള്ളവർക്ക് വിജയിക്കാൻ പറ്റില്ലെന്ന് മുൻ വിധിയോടെയുള്ള സമീപനം, തൊഴിലിന്റെയും തൊഴിൽ പരിശീലനത്തിന്റെയും ലഭ്യത കുറവ്, ഇത്തരം ഉപകരണങ്ങൾ കൊണ്ട് പഠനത്തെ ലഘൂകരിക്കാം എന്ന ധാരണക്കുറവ്, ദിനശേഷിക്കാരെ പരിഗണിക്കുന്ന അനുരുകീകരിച്ച പാഠ്യ പദ്ധതികൾ പാഠപുസ്തകം പഠനപ്രക്രിയ.

ഭിന്നശേഷി കുട്ടികളുടെ പട്ടിക

| Class | VI | OH | HI | MR | Autism | LD | Total |
|---|---|---|---|---|---|---|---|
| VIII | -- | -- | -- | 2 | -- | 2 | 4 |
| IX | -- | -- | 1 | 2 | -- | 2 | 5 |
| X | -- | 1 | -- | 4 | -- | 4 | 9 |
| +1 | 1 | -- | -- | 2 | -- | -- | 3 |
| +2 | 1 | -- | -- | 1 | -- | -- | 2 |
| | | | | | | | 23 |

**പരിഹാര പ്രവർത്തനം വിശദാംശങ്ങൾ**

സ്വാന്തനം: 8-10 വരെയുള്ള ക്ലാസുകളിലെ കുട്ടികളനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ കണ്ടെത്താനും അവ പരിഹരിക്കുന്നതിനും വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള പദ്ധതി പഠന പിന്നോക്ക അവസ്ഥ സ്കൂളിൽ വരാനുള്ള താൽപര്യക്കുറവ് ലഹരി ഉപയോഗം സംബന്ധിച്ച പ്രശ്നങ്ങൾ ശാരീരികമായ പ്രയാസങ്ങൾ കൗമാര കാലത്തെ പ്രതിസന്ധികൾ എന്നിവയെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ് ഗൃഹസന്ദർശനം കുടുംബ സംഗമം പ്രാദേശിക പിടിഎ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിൽ വരുത്തുക

സ്കൂളിലെ സാഹചര്യങ്ങൾ വികസിപ്പിക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|
| കെട്ടിട സൗകര്യം ക്ലാസ് മുറികൾ | ക്ലാസ് മുറികൾ വിശാലവും റൂം വെളിച്ചവും ശുദ്ധ വായു എന്നിവ ആവശ്യത്തിനു ലഭിക്കുമെന്നവയുമായിരിക്കണം നിർദ്ദേശിക്കുന്ന തരത്തിലാവണം ക്ലാസ് മുറികൾ ഇപ്പോഴത്തെ ആവശ്യത്തിന് വേണ്ടതുണ്ട് പിടിഎ ജനറൽബോഡി ചേർന്ന് മാനേജ്മെന്റിന്റെ അഭിപ്രായം സ്വീകരിച്ച് പ്രവർത്തനം നടക്കണം | രണ്ടുവർഷം | മുറിയുടെ റൂഫ് അടഞ്ഞതും വൈദ്യുതീകരിച്ചതും പ്ലാൻ ട്യൂബ് ലൈറ്റുകൾ ആവശ്യമായ ശബ്ദ സംവിധാനങ്ങൾ വെന്റിലേഷൻ ഇവ ഉൾപ്പെട്ടതാവണം ടൈൽസ് വെക്കണം ആവശ്യമായ ബെഞ്ച് ഡെസ്ക് ടേബിൾ ചെയർ ബ്ലാക്ക് ബോർഡ് ഡിജിറ്റൽ ബോർഡ് തുടങ്ങിയവരും സജ്ജീകരിക്കണം | |

| | | | | |
|---|---|---|---|---|
| സ്മാർട്ട് റൂം | ഒരേസമയം 100 പേർക്ക് ഇരുന്ന് വിഷസ് കാണുന്നതിനും സെമിനാറുകൾ നടത്തുന്നതിനും സൗകര്യമുള്ള മുറിയാണ് ഞങ്ങൾ പ്ലാൻ ചെയ്യുന്നത് ഇരിക്കാൻ ടേബിൾ വിത്ത് ചെയർ ഡിജിറ്റൽ പ്രൊജക്ടർ കമ്പ്യൂട്ടർ ഡിജിറ്റൽ സൗണ്ട് സിസ്റ്റം എല്ലാം എക്കോ ഫ്രീയായി സംവിധാനം ചെയ്യേണ്ടതുണ്ട് | രണ്ട് വർഷം | സ്മാർട്ട് റൂം ഭംഗിയായി സജ്ജീകരിക്കുന്നതിന് ഗുണകരമാവും ഗവൺമെന്റ് ഓഫർ ചെയ്ത സഹായസഹകരണങ്ങൾ തേടുന്നതിന് പിടി എക ്സിക്യൂട്ടീവ് സജീവമായി ഇടപെടണം | |
| കമ്പ്യൂട്ടർ ലാബ് സജ്ജീകരണ ം | നിലവിലുള്ള ലാബ് കൂടുതൽ പേർക്കിരുന്ന് പഠിക്കുവാനുള്ള സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് പ്ലാനുണ്ട് 200 പേർക്ക് ഇരുന്നു ചെയ്യുവാനുള്ള സൗകര്യമാണ് കാണുന്നത് ഇപ്പോൾ 12 പേർക്കുള്ള സൗകര്യമാണ് ഉള്ളത് പിടിഎ മാനേജ്മെന്റ് ചർച്ച ചെയ്ത് പദ്ധതികൾ ആസൂത്രണം ചെയ്യും | ഏപ്രിൽ മെയ് മാസം | എസ് എസ് ജിയും നന്നായി ഇടപെട്ടുകൊണ്ട് ഗവൺമെന്റ് ഓഫർ ചെയ്യുന്ന സഹായസഹകരണങ്ങൾ നേടിയെടുക്കേണ്ടത് പ്രധാനമാണ് | പിടിഎ എസ് എഫ് ജി എസ് എം സി മറ്റു സഹകാരിക ൾ 4 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പ് |
| ലാംഗ്വേജ് ലാബ് സജ്ജീകരണ ം | ഭാഷാ പഠനം ഫലപ്രദ മായി നടക്കാനും സംഗീത കലാ പഠനം യാഥാർത്ഥ്യമാക്കുവാനും സൗകര്യമുണ്ടാവണം ഇംഗ്ലീഷ് ഹിന്ദി അറബിക് ഉർദു മലയാളം ഭാഷകൾ പഠിച്ചെടുക്കുന്നതിന് സൗകര്യ സൗകര്യമൊരുക്കുകയാണ് പ്രധാനം | ഏപ്രിൽ മെയ് | സംഗീത ഭാഷ എന്നിവയുടെ വിദഗ്ധ ക്ലാസുകൾ വീഡിയോ ദൃശ്യങ്ങൾ ചിത്രകഥ രൂപങ്ങൾ ഉപകരണങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിന് വലിയ പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ട് ഉപകരണങ്ങൾ സ്പോൺസർ ചെയ്യുവാനുള്ള അവസരം ഒരുക്കണം ശ്രദ്ധാപൂർവ്വം സൂക്ഷിക്കണം | പിടിഎ എസ് എം സി എസ് ആർ ജി പൂർവ്വ വിദ്യാർത്ഥിക ൾ 2 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പ് |
| ചരിത്ര മ്യൂസിയം ലൈബ്രറി | സാമൂഹ്യശാസ്ത്ര പഠനത്തിനായി ചരിത്ര മ്യൂസിയം ലൈബ്രറിയോട് ചേർന്ന് ഒരുക്കുവാൻ ആണ് ഉദ്ദേശിക്കുന്നത് കെട്ടിടം സൗകര്യപ്രദമായി ഒരുക്കണം പുസ്തകങ്ങളും ശില്പങ്ങളും മാതൃകകളും പ്രദർശിപ്പിച്ച സൂക്ഷിക്കുവാനുള്ള സൗകര്യമാണ് ഒരുക്കേണ്ടത് ക്ലാസ് എടുക്കുവാനും സെമിനാറുകൾ നടത്തുവാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കണം | രണ്ടുവർ ഷം | പുസ്തകങ്ങൾ ഭദ്രമായി സൂക്ഷിക്കുവാനുള്ള അലമാരകൾ മറ്റു ഫർണിച്ചറുകൾ ഡിജിറ്റൽ ബോർഡ് ഓഡിയോ വിഷ്വൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട് സമ്പന്നരായ രക്ഷാകർത്താക്കളെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായസഹകരണങ്ങൾ തേടിക്കൊണ്ട് പ്രവർത്തി പൂർത്തിയാക്കണം | നാലുലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കു ന്നു വിദ്യാഭ്യാസ വകുപ്പ് |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർദ്ദേശങ്ങൾ | പിന്തുണ |
|---|---|---|---|---|
| അടുക്കള ബാത്റൂമുകൾ കുടിവെള്ള സൗകര്യങ്ങൾ | ഭക്ഷണം പാകം ചെയ്യുവാനും അത് കുട്ടികൾക്ക് കഴിക്കുവാനുമുള്ള വിശാലമായ കിച്ചൺ വിദ്യാലയത്തിന് അത്യാവശ്യമാണ് സ്റ്റോർ റൂം ഇരിപ്പിടങ്ങ ളോട് കൂടിയ ഡൈനിങ് ഹാളും ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഗ്യാസ് സ്റ്റൗ നാലെണ്ണം പാത്രങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം ഭക്ഷണം വിളമ്പാനുള്ള സ്റ്റീൽ പാത്രങ്ങൾ മറ്റ് ആവശ്യമായ വസ്തുക്കൾ എല്ലാം അടിയന്തരമായി സജ്ജീകരിക്കേണ്ടതുണ്ട് അടുക്കളയ്ക്ക് നല്ല വെന്റിലേഷനും ഇരിപ്പിടങ്ങളും വേണം. പുറത്തിരുന്ന് കഴിക്കു വാനുള്ള സൗകര്യവും പാത്ര ങ്ങൾ കഴുകുവാനുള്ള സൗക ര്യവും ഒരുക്കണം | ആറുമാസം | വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യം വിദ്യാർത്ഥികളുടെ അവകാശമാണെന്ന ധാരണയോടെ കാര്യങ്ങൾ ചെയ്യണം. അഭ്യുദയകാംക്ഷികളുടെ യും പൂർവ്വ വിദ്യാർത്ഥി കളുടെയും മാനേജ് മെന്റിന്റെയും ഇട പെടൽ കാര്യത്തിൽ പ്രധാനമാണ്. ബാത്റൂമുകൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നിർമിക്കണം കുടിവെള്ളം ശാസ്ത്രീയമായി വൃത്തി യായി ഏർപ്പെടുത്തണം. ഒഴുകിനഷ്ടപ്പെടുന്ന ജലം കൃഷിയിടത്തിലേക്ക് വി ടണം. അവശിഷ്ടങ്ങൾ ജൈവവളമാക്കണം | |
| വാഹന പാർക്കിംഗ് സൗകര്യം | അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ബൈക്ക് കാറുകൾ സൈക്കിളുകൾ പാർക്ക് ചെയ്യുവാൻ സൗകര്യമുണ്ടാക്കണം | ഏപ്രിൽ മെയ് മാസം | ഓഫീസിനോട് ചേർന്ന് സ്ഥലം സ്ഥലം തിരഞ്ഞെടുക്കണം ഗ്രൂപ്പ് ഷീറ്റ് ഇടണം ആവശ്യമായ സൗകര്യം ഉണ്ടാക്കണം | സ്കൂൾ സ്റ്റാഫ് പിടിഎ ചെലവ് 25000 രൂപ |
| ഓപ്പൺ എയർ സ്റ്റേജ് ഓഡിറ്റോറിയം | ഓഡിറ്റോറിയത്തിന് 6 മീറ്റർ വീതിയും 20 മീറ്റർ നീളവും ഉണ്ടായിരിക്കും | | സ്റ്റേജിന് 6 4 മീറ്റർ അളവ് വേണ്ടിവരും ഓഡിറ്റോറിയം റൂം ഷീറ്റ് സുരക്ഷിതമാക്കണം | സ്കൂൾ മാനേജ്മെന്റ് |
| ചുറ്റുമതിൽ | സ്കൂളിന്റെ പ്രധാന കെട്ടിടങ്ങൾ ഉൾപ്പെട്ട സ്ഥലം ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കുകയാണ് പ്രധാനം ഇപ്പോഴുള്ള ഗെയ്റ്റിനോട് ചേർന്ന് മതിൽ കെട്ടി പുറത്തേക്കുള്ള വഴിയിൽ ചെറിയ ഗേറ്റ് സ്ഥാപി ച്ച് പണി പൂർത്തീകരിക്കണം. ഉയരം ഒന്നര മീറ്റർ ഉണ്ടായിരിക്കും | ഏപ്രിൽ മെയ് മാസം | | |

# ബൊട്ടാണിക്കൽ ഗാർഡൻ

| | | | | |
|---|---|---|---|---|
| ബൊട്ടാണിക്കൽ ഗാർഡൺ, ഔഷധ സസ്യത്തോട്ടം, സുവോളജിക്കൽ പാർക്ക് | അഞ്ചര ഏക്കർ വരുന്ന വിദ്യാലയ സ്ഥലത്ത് കെട്ടിടങ്ങളും ഗ്രൗണ്ടും കഴിഞ്ഞ് ശേഷിക്കുന്ന അനുയോജ്യമായ സ്ഥലത്ത് ബോട്ടാണിക്കൽ ഗാർഡനും ഔഷധസസ്യത്തോട്ടവും നിർമ്മിക്കാം സയൻസ് ക്ലബ്ബ് പരിസ്ഥിതി ക്ലബ് കാർഷിക ക്ലബ് മുതലായവ നേതൃത്വരമായ പങ്കുവഹിച്ചുകൊണ്ട് നിർമ്മിക്കാവുന്നതാണ് മെറ്റൽ നെറ്റ് ഉപയോഗിച്ച് ബൗണ്ടറി ഇടണം | രണ്ടുവർഷം | ചന്ദനം,തേക്ക്,ഈട്ടി,മാവുകൾ പ്ലാവുകൾ തുടങ്ങി കുട്ടികൾക്ക് പഠനാവശ്യത്തിനുള്ള സസ്യങ്ങൾ ശാസ്ത്രീയ നാമം ഉൾപ്പെട്ട നെയിംസ്ലിപ് ലേബൽ ചെയ്യണം ഔഷധസസ്യങ്ങളും ഇതുപോലെ ഒരുക്കണം. ജലസേചന സൗകര്യം ഏർപ്പെടുത്തി ക്ലബ് അംഗങ്ങൾക്ക് സംരക്ഷണ ചുമതല ഏൽപ്പിക്കണം. സുവോളജിക്കൽ പാർക്കിംഗിന് ഇടം വേണം | പിടിഎ എസ് എം സി മാനേജർ ക്ലബ്ബ് പ്രവർത്തകർ ചിലവ് 20000 രൂപ വിദ്യാഭ്യാസ വകുപ്പ് |

| പഠനത്തോടൊപ്പം സമ്പാദ്യം | | | | |
|---|---|---|---|---|
| ഗോട്ട് ഫാം | ആട് വളർത്തൽ കുട്ടികളുടെ ഗ്രൂപ്പിന് ഏതെങ്കിലും രണ്ട് രക്ഷിതാക്കളുടെ ശ്രദ്ധ ആവശ്യമായ ചെലവ് ഗവൺമെന്റ് നൽകണം കാർഷിക ക്ലബ് പരിസ്ഥിതി ക്ലബ്ബ് നേതൃത്വം | രണ്ടുവർഷം | പഠനത്തോടൊപ്പം സമ്പാദ്യം എന്നതിനെ പ്രോത്സാഹിപ്പിക്കലാണ് ലക്ഷ്യം | പിടിഎ ചിലവ് 5000 രൂപ കൃഷിവകുപ്പ് |
| പോൾട്രി ഫാം | കോഴി, കാട,താറാവ് തുടങ്ങിയ വളർത്തു പക്ഷികളെയും ലൗബേർഡ്സിനെയും കുട്ടികൾ വളർത്തുന്ന.ു കുട്ടികൾ കൂടു നിർമ്മാണത്തിനും തീറ്റയ്ക്കും ചിലവ് വരും ഭക്ഷണാവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്താം വരുമാനം കുട്ടികൾ | രണ്ടുവർഷം | പഠനത്തോടൊപ്പം സമ്പാദ്യം രക്ഷിതാക്കളുടെ താൽപര്യം തേടണം ചുമതല നൽകണം ആവശ്യമായ വരുന്ന ചിലവ് കൃഷിവകുപ്പിൽ നിന്നും നേടിയെടുക്കാം | പിടിഎ ചെലവ് 25000 രൂപ കൃഷി വകുപ്പ് |

| | | | | |
|---|---|---|---|---|
| കാറ്റിൽ ഫാം | കന്നുകാലി വളർത്തൽ താൽപര്യമുള്ളവർ ഉണ്ടെങ്കിൽ അതിനു വേണ്ട സൗകര്യം പിടിഎ ഒരുക്കണം. രക്ഷകർത്താക്കളുടെ പൂർണ്ണ ശ്രദ്ധയോടെ മാത്രം ചെയ്യാവുന്നതാണ് ഇത്തരം കൃഷികൾ വിദ്യാലയം എല്ലാവരുടെയും ഒരു ആശ്രയ കേന്ദ്രമാക്കി മാറ്റുകയാണ് ഇത്തരം സംരംഭങ്ങളിലൂടെ നാം ലക്ഷ്യമിടുന്നത്. | രണ്ടുവർഷം | ആലകൾ ശാസ്ത്രീയമായി സജ്ജീകരിക്കണം. പുല്ലു വളർത്താൻ സൗകര്യം വേണം. കുടിവെള്ള സൗകര്യം ഒരുക്കണം. കമ്പോസ്റ്റ് കുഴി നിർമ്മിക്കണം കൃഷിവകുപ്പിന്റെ പൂർണ്ണ സഹകരണം വേണം | പിടിഎ 5 ലക്ഷം രൂപ കൃഷിവകുപ്പ് വിദ്യാഭ്യാസ വകുപ്പ് |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ആകെ മുന്നേറുകയാണ്. തുറയൂർ ബി ടി എം ഹയർ സെക്കൻഡറി സ്കൂളിന്റെ സമഗ്രമായ വികസനത്തിനാവശ്യമായ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപരേഖയാണ് ഞങ്ങൾ ഇവിടെ സമർപ്പിക്കുന്നത്. ഇനിയും കൂട്ടിച്ചേർക്കലുകൾ ആവശ്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട് മികവുള്ള പ്രവർത്തനങ്ങളും മികവാർന്ന പഠന രീതികളും നമ്മുടെ വിദ്യാലയത്തെ കൂടുതൽ ആകർഷകമാക്കാൻ ഉപകരിക്കും. ഈ മുന്നേറ്റത്തിന് നമുക്ക് ഒന്നിച്ച് കൈകോർക്കാം